7
2022
ജൂൺ
ചൊവ്വ
ഇടവം 24

NAUTICAL TIMES
KERALA

# നോട്ടിക്കൽ ടൈംസ്
കേരള

The National Daily in Malayalam / English

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-4, Issue No. 19 Page 4, Price: Rs. 2 പുസ്തകം-4 ലക്കം-19 പേജ് 4. വില 2.00 രൂപ

02 5000 വോട്ടുകളിൽ ചോർച്ചയുണ്ടായി, തൃക്കാക്കരയിൽ സി.പി.എം വിലയിരുത്തൽ

03 ഇ.സോമനാഥ് ഫ്രറ്റേണിറ്റിയുടെ പരിസ്ഥിതിദിനാചരണം

04 ഇന്ത്യയെ ലോകത്തിന് മുന്നിൽ നാണം കെടുത്തുന്നു: മുഖ്യമന്ത്രി

# പ്രവാസികൾ ആശങ്കയിൽ

## ഇന്ത്യൻ ഉൽപ്പന്നങ്ങൾ ബഹിഷ്കരിക്കണമെന്ന് ആഹ്വാനം

ന്യൂഡൽഹി : ബിജെപി വക്താക്കളുടെ പ്രവാചകനിന്ദയെ തുടർന്ന് ഗൾഫ് രാജ്യങ്ങളിൽ ഇന്ത്യക്കെതിരായി ഉയരുന്ന രോഷത്തിൽ വിറങ്ങലിച്ച് മോദി സർക്കാരും ബിജെപിയും. ഇന്ത്യൻ ഉൽപ്പന്നങ്ങൾ ബഹിഷ്കരിക്കണമെന്ന ആഹ്വാനം സമൂഹമാധ്യമങ്ങളിൽ പടരുന്നു. പല ഗൾഫ് രാജ്യങ്ങളിലെയും സൂപ്പർമാർക്കറ്റുകളിൽനിന്ന് ഇന്ത്യൻ ഉൽപ്പന്നങ്ങൾ നീക്കി. ബഹിഷ്കരണം വ്യാപകമായാൽ ഇന്ത്യയുടെ വാണിജ്യതാൽപ്പര്യങ്ങൾക്കും തിരിച്ചടിയാകും.

ലക്ഷക്കണക്കിന് ഇന്ത്യൻ പ്രവാസികൾ ഗൾഫ് രാജ്യങ്ങളിലുണ്ട്. ഇവരുടെ ഭാവിയും തുലാസിലാകും. ടിവി ചർച്ചകളിലും മറ്റും എന്തും പറയാമെന്ന നിലയിലേക്ക് ബിജെപി നേതാക്കളെ എത്തിച്ചതിന്റെ ഉത്തരവാദിത്വം പ്രധാനമന്ത്രിക്കും ആഭ്യന്തര മന്ത്രിക്കുമുണ്ട്. ഇന്ത്യയുടെ വ്യാപാര പങ്കാളികളിൽ മൂന്നു നാലും അഞ്ചും സ്ഥാനങ്ങളിൽ യുഎഇയും സൗദിയും ഇറാഖുമാണ്. 2021 22 വർഷത്തിൽ ഏഴ് ഗൾഫ് രാജ്യവുമായുള്ള ആകെ വ്യാപാരം 14.17 ലക്ഷം കോടി രൂപയുടേതാണ്. രാജ്യത്തിന്റെ ആകെ കയറ്റിറക്കുമതിയുടെ 18.3 ശതമാനമാണിത്. യുഎഇയുമായി മാത്രം 5.47 ലക്ഷം കോടിരൂപയുടെ വ്യാപാരമുണ്ട്. ഗൾഫ് രാജ്യങ്ങളുമായുള്ള വ്യാപാരത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 2021 22 ൽ 77 ശതമാനം വർധനയുണ്ട്. യുഎഇയുമായി മെയ് ഒന്നിന് സ്വതന്ത്രവ്യാപാര കരാറും നിലവിൽ വന്നു. മോദി സർക്കാർ ഒപ്പിട്ട ഏക സ്വതന്ത്ര വ്യാപാര കരാറാണിത്.

ഇതുപ്രകാരം 97 ശതമാനം ഇന്ത്യൻ ഉൽപ്പന്നങ്ങളും തീരുവരഹിതമായി യുഎഇ വിപണിയിൽ പത്തുവർഷം കൊണ്ടെത്തും. 90 ശതമാനം യുഎഇ ഉൽപ്പന്നങ്ങളും തീരുവരഹിതമാകും. ഗൾഫ് വ്യാപാരം വർധിപ്പിക്കാൻ കിണഞ്ഞുശ്രമിക്കുമ്പോഴാണ് പ്രവാചകനിന്ദാ വിവാദം. പ്രവാസി ഇന്ത്യക്കാർ ഏറെയുള്ളതിനാൽ ഗൾഫിൽനിന്ന് ഇന്ത്യയിലേക്കുള്ള പണമൊഴുക്കും നിർണായകമാണ്. 2017ൽ ആകെ വിദേശപണത്തിൽ 54 ശതമാനവും ഗൾഫ് രാജ്യങ്ങളിൽനിന്നാണ്. യുഎഇയിൽ 34 ലക്ഷവും സൗദിയിൽ 26 ലക്ഷവും കുവൈത്തിൽ പത്ത് ലക്ഷവും ഇന്ത്യക്കാരുണ്ട്.

### കുവൈത്തിൽ ഇന്ത്യൻ ഉൽപ്പന്നങ്ങൾ പിൻവലിച്ചു

ബിജെപി വക്താവിന്റെ പ്രവാചകനിന്ദയിൽ കുവൈത്തിൽ പ്രതിഷേധം രൂക്ഷം. സൂപ്പർമാർക്കറ്റുകളിൽനിന്ന് ഇന്ത്യൻ ഉൽപ്പന്നങ്ങൾ പിൻവലിച്ചു തുടങ്ങി. തുടക്കമെന്നോണം അൽ അർദിയ കോ ഓപ്പറേറ്റീവ് സൊസൈറ്റിയാണ് കടയിലെ ഷെൽഫുകളിൽനിന്ന് ഇന്ത്യൻ നിർമിത ഉൽപ്പന്നങ്ങൾ പിൻവലിച്ചു. അരിയും ചായപ്പൊടിയും സുഗന്ധവ്യഞ്ജനങ്ങളും ഉൾപ്പെടെയുള്ളവ കടയുടെ ഒരു ഭാഗത്തേക്ക് മാറ്റി പ്ലാസ്റ്റിക് ഷീറ്റുകൊണ്ട് മറച്ചിരിക്കുകയാണ്. ഇന്ത്യൻ ഉൽപ്പന്നങ്ങൾ പിൻവലിച്ചതായി അറബിയിലുള്ള അറിയിപ്പും നൽകി.

ആകെയുള്ള 1.35 കോടി പ്രവാസി ഇന്ത്യക്കാരിൽ 87 ലക്ഷംപേരും ഗൾഫ് രാജ്യങ്ങളിലാണെന്നിരിക്കെ, സാഹചര്യങ്ങൾ വഷളാകുന്നത് ഇവരുടെയൊക്കെ ജീവിതത്തിൽ പ്രതിസന്ധിയുണ്ടാക്കുമെന്ന ആശങ്കയും ശക്തമാണ്.

### മോദി രാജ്യത്തിന്റെ പ്രതിച്ഛായ തകർത്തു: പ്രതിപക്ഷം

രാജ്യാന്തരതലത്തിൽ ഇന്ത്യയെ പ്രതിരോധത്തിലാക്കിയ ബിജെപി നേതാക്കളുടെ പ്രവാചകനിന്ദാ വിഷയത്തിൽ മോദി സർക്കാരിനെ കടന്നാക്രമിച്ച് പ്രതിപക്ഷ നേതാക്കളും. ബിജെപിയുടെ ലജ്ജാകരമായ മതഭ്രാന്ത് ഇന്ത്യയെ ഒറ്റപ്പെടുത്തുക മാത്രമല്ല, ആഗോളതലത്തിൽ പ്രതിച്ഛായയെ മോശപ്പെടുത്തുകയും ചെയ്തതായി കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ടിറ്ററിൽ പറഞ്ഞു. ബിജെപി ഭരണത്തിൽ ചെറിയ രാജ്യങ്ങൾപോലും ഇന്ത്യയെ വെല്ലുവിളിച്ചു തുടങ്ങിയെന്ന് എഎപി നേതാവും ഡൽഹി ഉപമുഖ്യമന്ത്രിയുമായ മനീഷ് സിസോദിയ പ്രതികരിച്ചു.

### സിപിഐ എം ഡൽഹി ഘടകം പരാതി നൽകി

പ്രവാചകനിന്ദ നടത്തിയ ബിജെപി വക്താവ് നൂപുർ ശർമയേയും നവീൻ കുമാർ ജിണ്ടാലിനെയും ഉടൻ അറസ്റ്റുചെയ്യണം എന്നാവശ്യപ്പെട്ട് സിപിഐ എം ഡൽഹി ഘടകം പൊലീസ് കമീഷ്ണർ രാകേഷ് അസ്താനയ്ക്ക് പരാതി നൽകി. എന്തുകൊണ്ടാണ് അറസ്റ്റ് വൈകുന്നതെന്നും കേന്ദ്ര ആഭ്യന്തരമന്ത്രിയുടെ സംരക്ഷണം ഇവർക്കുണ്ടോയെന്ന് വ്യക്തമാക്കണമെന്നും ആവശ്യപ്പെട്ടു.

## മതവികാരം വ്രണപ്പെടുത്താൻ ഉദ്ദേശിച്ചിരുന്നില്ല; വിവാദ പരാമർശം പിൻവലിച്ച് നൂപുർ ശർമ

ന്യൂഡൽഹി: ബി.ജെ.പി. സസ്പെൻഡ് ചെയ്തതിന് പിന്നാലെ ചാനൽ ചർച്ചക്കിടയിൽ മുഹമ്മദ് നബിയേക്കുറിച്ച് നടത്തിയ വിവാദ പരാമർശം പിൻവലിച്ച് നൂപുർ ശർമ. ആരുടെയും മതവികാരം വ്രണപ്പെടുത്താൻ ഉദ്ദേശിച്ചിരുന്നില്ലെന്ന് പറഞ്ഞ നൂപുർ ശർമ, തന്റെ വിശ്വാസത്തെ മുറിവേൽപിച്ചപ്പോൾ പരാമർശം നടത്തിയതാണെന്നും വിശദീകരിച്ചു. തന്റെ പ്രസ്താവന ആരെയെങ്കിലും വേദനിപ്പിച്ചെങ്കിൽ അത് പിൻവലിക്കുന്നതായും നൂപുർ പറഞ്ഞു.

നേരത്തെ, വിവാദ പരാമർശത്തിന്റെ പേരിൽ ദേശീയ വക്താവ് നൂപുർ ശർമയെ ബി.ജെ.പി. സസ്പെൻഡ് ചെയ്തിരുന്നു. പാർട്ടിയുടെ ഡൽഹി മാധ്യമവിഭാഗം മേധാവി നവീൻ ജിൻഡാലിനേയും പാർട്ടി സസ്പെൻഡ് ചെയ്തിട്ടുണ്ട്. നൂപുർ ശർമ നടത്തിയ വിവാദ പരാമർശത്തിൽ വ്യാപകമായ പ്രതിഷേധവും സംഘർഷവും തുടരുന്നതിനിടെയായിരുന്നു ബി.ജെ.പിയുടെ നടപടി.

നേരത്തെ, നൂപുറിന്റെ പരാമർശത്തെ തള്ളിയ ബി.ജെ.പി., ഏതെങ്കിലും മതവ്യക്തിത്വങ്ങളെ അപമാനിക്കുന്നതിനെ ശക്തമായി അപലപിക്കുന്നുവെന്നും വ്യക്തമാക്കിയിരുന്നു. 'ഇന്ത്യയുടെ ആയിരക്കണക്കിന് വർഷത്തെ ചരിത്രത്തിൽ, എല്ലാ മതങ്ങളും വളരുകയും പന്തലിക്കുകയും ചെയ്തു. ഭാരതീയ ജനതാ പാർട്ടി എല്ലാ മതങ്ങളെയും ബഹുമാനിക്കുന്നു. ഏതെങ്കിലും മതത്തിലെ ഏതെങ്കിലും മതവ്യക്തിത്വങ്ങളെ അപമാനിക്കുന്നതിനെ ബി.ജെ.പി. ശക്തമായി അപലപിക്കുന്നു', ബി.ജെ.പി. പ്രസ്താവനയിൽ പറഞ്ഞു.

കഴിഞ്ഞയാഴ്ച ഒരു ചാനൽ ചർച്ചയ്ക്കിടയിലാണ് നൂപുർ ശർമ, പ്രവാചകൻ മുഹമ്മദ് നബിയെ അവഹേളിക്കുന്ന പ്രസ്താവന നടത്തിയത്. ഇതിനെതിരേ മുസ്ലിം സംഘടനകൾ വ്യാപക പ്രതിഷേധവുമായി രംഗത്തെത്തിയിരുന്നു. പ്രസ്താവനയെ തുടർന്ന് ഉത്തർപ്രദേശിലെ കാൻപുരിൽ വെള്ളിയാഴ്ച ഇരുവിഭാഗങ്ങൾ തമ്മിൽ സംഘർഷമുണ്ടായി. 20 പോലീസ് ഉദ്യോഗസ്ഥർക്കടക്കം 40 ഓളം പേർക്ക് സംഘർഷത്തിൽ പരിക്കേൽക്കുകയുണ്ടായി. സംഭവത്തിൽ 36 പേരെ അറസ്റ്റ് ചെയ്യുകയും 1500 ഓളം പേർക്കെതിരെ കേസെടുക്കുകയും ചെയ്തിട്ടുണ്ട്.

## ലോക പരിസ്ഥിതി ദിനം ആഘോഷിച്ചു

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ചു അദാനി ഗ്രൂപ്പിന്റെ സാമൂഹ്യ പ്രതിബദ്ധത വിഭാഗമായ അദാനി ഫൗണ്ടേഷൻ ദേശീയ തലത്തിൽ നടപ്പിലാക്കി വരുന്ന 'സുപോഷൺ 'പദ്ധതിയുടെ ഭാഗമായി കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ 200 ഫല വൃക്ഷ തൈകൾ നട്ടുപിടിപ്പിച്ചു.

അഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികളിലെ പോഷകശോഷണവും സ്ത്രീകളിലെയും കൗമാരക്കാരായ പെൺകുട്ടികളിലെയും വിളർച്ചയും ഇല്ലായ്മ ചെയ്യുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സുപോഷൺ.

ഫലവൃക്ഷതൈകൾ നടുവാനും ഫലങ്ങളുടെ പ്രാധാന്യം മനസിലാക്കാനുമാണ് ലോക പരിസ്ഥിതി ദിനത്തിൽ പ്രാധാന്യം കൊടുത്തത് .

അദാനി ഫൗണ്ടേഷൻ പ്രോഗ്രാം മാനേജർ ശ്രീ. സെബാസ്റ്റ്യൻ ബ്രിട്ടോ കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ സുപോഷൺ ഹെൽത്ത് വോളന്റിയറ്റുമാരായ സംഗിണിമാർക്ക് തൈകൾ വിതരണം ചെയ്തു.

കോട്ടുകാൽ പഞ്ചായത്തിലെ 32 അംഗൻവാടികളിൽ തൈകൾ നടുകയും സംഗിണിമാരും അംഗൻവാടി പ്രവർത്തകരും ചേർന്നു അംഗൻവാടി പരിസരം വൃത്തിയാക്കുകയും കുഞ്ഞുങ്ങൾക്കും അമ്മമാർക്കും പരിസ്ഥിതി സംരക്ഷണ അവബോധം നൽകുകയും ചെയ്തു .

കൂടാതെ പോഷണ കുറവുള്ള കുട്ടികൾ, ഗർഭിണികൾ ,മുലയൂട്ടുന്ന അമ്മമാർ , കൗമാരക്കാരായ പെൺകുട്ടികൾ എന്നിവരുടെ വീടുകളിലും തൈകൾ നട്ടു.

സീനിയർ പ്രോജക്ട് ഓഫീസർ ശ്രീ. രാകേഷ്, പ്രൊജക്റ്റ് ഓഫീസർ ശ്രീ. ജോർജ്ജ് സെൻ പി ടി, ശ്രീ. സ്റ്റീഫൻ വിനോദ്, ശ്രീ.അനുരാഗ്, ശ്രീമതി.മായ, കുമാരി മീര, ശ്രീമതി.ലിംന, ശ്രീമതി.രാധ എന്നിവർ പരിപാടിക്ക് നേതൃത്വം നല്കി. വരുന്ന 3 വർഷത്തിനകം കോട്ടുകാൽ ഗ്രാമ പഞ്ചായത്തിലെ പോഷക ശോഷണവും വിളർച്ചയും നീയന്ത്രണ വിധേയമാക്കുക എന്നതാണ് സുപോഷൺ പദ്ധതി ലക്ഷ്യം വയ്ക്കുന്നത് എന്ന് അദാനി ഫൗണ്ടേഷൻ പ്രതിനിധികൾ അറിയിച്ചു.





## പട്ടം എസ്‌യുടി യൂത്ത് റെഡ്ക്രോസ്സ് കേഡറ്റുകൾ പരിസ്ഥിതി ദിനം ആചരിച്ചു

തിരുവനന്തപുരം: ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് എസ്‌യുടി യൂത്ത് റെഡ്ക്രോസ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ പട്ടം മങ്ങനൂർക്കോണം റെസിഡൻസ് അസോസിയേഷനിലെ വീടുകളിൽ ഔഷധ സസ്യങ്ങളും കേഡറ്റുകൾ നിർമ്മിച്ച വിത്ത് പേനയും വിതരണം ചെയ്തു. നഴ്സിംഗ് സ്കൂൾ പ്രിൻസിപ്പൽ അനുരാധ ഹോമിൻ റെസിഡൻസ് അസോസിയേഷൻ സെക്രട്ടറി ഉണ്ണികൃഷ്ണന് ഔഷധ സസ്യം നൽകി വിതരണം ഉത്ഘാടനം ചെയ്തു. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ടി. രാജീവ്, പ്രോഗ്രാം ഓഫീസർ അശ്വതി എസ് കുമാർ എന്നിവർ പരിപാടിയിൽ പങ്കെടുത്ത് സംസാരിച്ചു.

## പാലത്തിൽനിന്നു വീണു മരിച്ച സംഭവം: ഉദ്യോഗസ്ഥർക്കെതിരേ അച്ചടക്കനടപടിക്കു നിർദേശം

തിരുവനന്തപുരം: തൃപ്പൂണിത്തുറയിൽ നിർമ്മാണത്തിലിരുന്ന പാലത്തിൽ നിന്ന് ബൈക്ക് യാത്രക്കാരൻ താഴേയ്ക്കു വീണു മരിച്ച സംഭവത്തിൽ നാലു പൊതുമരാമത്ത് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യാൻ മന്ത്രി മുഹമ്മദ് റിയാസ് നിർദേശം നൽകി. കരാറുകാർക്കെതിരെയും പോലീസ് കേസെടുത്തിട്ടുണ്ട്.

പാലം വിഭാഗം എറണാകുളം ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയർ, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനിയർ, അസിസ്റ്റൻറ് എൻജിനിയർ, ഓവർസിയർ എന്നിവരെ സസ്പെൻഡ് ചെയ്യാനാണ് മന്ത്രി പി.എ മുഹമ്മദ് റിയാസ് നിർദേശം നൽകിയത്.

തൃപ്പൂണിത്തുറ മാർക്കറ്റ് റോഡിലെ അന്ധകാരത്തോട്ടിലാണ് പാലം നിർമാണം നടന്നുവന്നിടത്ത് ബൈക്ക് അപകടത്തിൽപ്പെട്ട് യുവാവ് മരണപ്പെട്ടത്.

സംഭവത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പാലം വിഭാഗം ചീഫ് എൻജിനീയറോട് മന്ത്രി ആവശ്യപ്പെട്ടിരുന്നു. ചീഫ് എൻജിനീയറുടെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലാണ് നടപടിയെന്ന് മന്ത്രി അറിയിച്ചു. ഐപിസി 304 എ വകുപ്പ് പ്രകാരമാണ് കരാറുകാരനെതിരെ കേസ്. പൊതുമരാമത്ത് ഉദ്യോഗസ്ഥർക്ക് എതിരെ ഈ വകുപ്പ് ചുമത്തണമോയെന്നത് കളക്ടർ പരിശോധിച്ച ശേഷം തീരുമാനിക്കും. തൃപ്പൂണിത്തുറയിൽ നടന്ന സംഭവം ദൗർഭാഗ്യകരമാണെന്നും മന്ത്രി പറഞ്ഞു. കർക്കശമായ വകുപ്പുകൾ ചേർത്ത് കേസ് എടുക്കണമെന്നു പൊതുമരാമത്ത് സെക്രട്ടറി, എറണാകുളം ജില്ലാ കളക്ടറെ നേരത്തെ അറിയിച്ചിരുന്നതായും മന്ത്രി പി.എ. മുഹമ്മദ് റിയാസ് പറഞ്ഞു.

## കാൻസർ രോഗിയായ ഭാര്യയെ കൊന്ന് ഭർത്താവ് ജീവനൊടുക്കി

കോഴിക്കോട്: വടകരയിൽ കാൻസർ രോഗിയായ ഭാര്യയെ കൊലപ്പെടുത്തി ഭർത്താവ് ജീവനൊടുക്കി. തിരുവള്ളൂർ കാഞ്ഞിരാട്ടുതറ കുയ്യാലിൽ മീത്തൽ ഗോപാലൻ(68) ആണ് ഭാര്യ ലീല(63)യെ കൊലപ്പെടുത്തി ആത്മഹത്യ ചെയ്തത്. ഭാര്യയ്ക്ക് രോഗം മൂർച്ഛിച്ചതും കോവിഡ് കാരണം നേരത്തെ നടത്തിയിരുന്ന ഹോട്ടൽ അടച്ചുപൂട്ടേണ്ടിവന്നതുമാകാം സംഭവത്തിന് കാരണമായതെന്നാണ് നാട്ടുകാർ പറയുന്നത്. തിങ്കളാഴ്ച രാവിലെയാണ് ദമ്പതിമാരെ വീട്ടിൽ മരിച്ചനിലയിൽ കണ്ടെത്തിയത്. ലീലയുടെ മൃതദേഹം ഓഫീസ് മുറിയിലെ കട്ടിലിലും ഗോപാലനെ വരാന്തയിലെ സൺഷേഡിൽ തൂങ്ങി മരിച്ച നിലയിലുമാണ് കണ്ടത്. മക്കളില്ലാത്ത ഇരുവരും അനുജന്റെ കൂടെയായിരുന്നു താമസം. നേരത്തെ വടകരയ്ക്ക് സമീപം ഹോട്ടൽ നടത്തുകയായിരുന്നു ഗോപാൽ. കോവിഡ് കാരണം ഹോട്ടൽ അടച്ചുപൂട്ടി. പുതിയ സ്ഥലത്ത് വീണ്ടും ഹോട്ടൽ തുടങ്ങാനിരിക്കെയാണ് കാൻസർ രോഗിയായ ഭാര്യയ്ക്ക് അസുഖം മൂർച്ഛിച്ചത്.

## അഞ്ചുതെങ്ങിൽ ഭക്ഷ്യസുരക്ഷാ വിഭാഗം പഴകിയ മീൻ പിടിച്ചെടുത്തു

പി സ്റ്റെല്ലസ്

തിരുവനന്തപുരം: അഞ്ചുതെങ്ങിൽ ഭക്ഷ്യസുരക്ഷാ വിഭാഗം 9600 കിലോ പഴകിയ മീൻ പിടിച്ചെടുത്തു.മീനിൽ അമോണിയയുടെ സാന്നിധ്യവും കണ്ടെത്തി. സ്വകാര്യ വ്യക്തിയുടെ മത്സ്യലേല ചന്തയിൽ നിന്നാണ് അഴുകിയ നിലയിലുള്ള പഴകിയ മീൻ പിടിച്ചെടുത്ത് നശിപ്പിച്ചത്. അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്ത് ഓഫീസിന് എതിർവശത്തായിരുന്നു സ്വകാര്യ മത്സ്യലേല ചന്ത പ്രവർത്തിച്ചിരുന്നത്.

അഞ്ചുതെങ്ങിൽ ലോറി ഉടമകൾ ചേർന്ന് നടത്തുന്ന എം.ജെ. ലാൻഡ് മത്സ്യ മാർക്കറ്റിൽ നിന്ന് 9,600 കിലോ മീനാണ് പിടികൂടിയത്. സംസ്ഥാനത്തിന് പുറത്ത് നിന്നെത്തിച്ച മീൻ ഭക്ഷ്യയോഗ്യമല്ലാത്ത നിലയിലായിരുന്നു എന്ന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മൊബൈൽ ലാബിൽ നടത്തിയ പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദമായ പരിശോധനകൾക്കായി ഭക്ഷ്യ സുരക്ഷാ വകുപ്പുദ്യോഗസ്ഥർ ഇവിടെ നിന്ന് സാമ്പിളുകൾ ശേഖരിച്ചിട്ടുണ്ട്.



ദിവസങ്ങൾക്ക് മുമ്പു എത്തിച്ചതായിരുന്നു മീൻ. ഇവിടെ പഴകിയ മീൻ വിൽപ്പന നടത്തുന്നുവെന്ന് വ്യാപകമായി പരാതി ഉയർന്നിരുന്നു. ഇതേതുടർന്ന് നടത്തിയ മിന്നൽ പരിശോധനയിലാണ് പഴകിയ മീൻ പിടികൂടിയത്. പിടിച്ചെടുത്ത മീൻ പ്രദേശത്ത് തന്നെ വലിയ കുഴിയെടുത്ത് അതിനകത്തിട്ട് മൂടി. പിടിച്ചെടുത്ത മീൻ ജെസിബി കൊണ്ട് ഒരു വലിയ കുഴിയെടുത്ത് അതിനകത്തിട്ട് മൂടി.

# ആശങ്ക സൃഷ്ടിച്ച് വീണ്ടും കോവിഡ് വ്യാപനം

ന്യൂഡൽഹി: രാജ്യത്ത് ആശങ്ക സൃഷ്ടിച്ച് വീണ്ടും കോവിഡ് വ്യാപനം രൂക്ഷമാകുന്നു. രാജ്യം കോവിഡ് നാലാം തരംഗത്തിന്റെ പിടിയിലേക്ക് പോകുമോയെന്ന ആശങ്കയിലാണ് ആരോഗ്യരംഗം.

രാജ്യത്തെ കോവിഡ് കേസുകളിൽ ഒരിടവേളയ്ക്ക് ശേഷമുണ്ടായ വർധനയാണ് ഈ ആശങ്കയ്ക്ക് അടിസ്ഥാനം. രാജ്യത്ത് ഒമിക്രോണിന്റെ ഉപവകഭേദമായ ബിഎ.4, ബിഎ.5 എന്നിവ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നതും ആശങ്ക വർധിപ്പിക്കുന്നുണ്ട്. ലോകരാജ്യങ്ങൾക്കിടയിൽ പുതിയ തരംഗത്തിന് കാരണമായതാണ് ഈ വകഭേദങ്ങൾ. ജൂലൈയിൽ രാജ്യത്ത് കോവിഡ് നാലാം തരംഗം രൂക്ഷമായേക്കുമെന്ന് ഐഐടി കാൺപൂരിലെ വിദഗ്ധരും പ്രവചിക്കുന്നു.

വ്യാപനത്തിൽ അമിതമായി ആശങ്കപ്പെടേണ്ടതില്ലെന്നും ഭൂരിഭാഗം ജനങ്ങളും വാക്സിനേഷൻ എടുത്തവരോ അണുബാധയേറ്റവരോ ആയതിനാൽ പരിഭ്രാന്തരാകേണ്ട ആവശ്യമില്ലെന്നും വൈറോളജിസ്റ്റുകളും വിദഗ്ധരും അഭിപ്രായപ്പെടുന്നുണ്ട്. കഴിഞ്ഞ 24 മണിക്കൂറിനിടെ 3962 പേർക്കാണ് രാജ്യത്ത് കോവിഡ് സ്ഥിരീകരിച്ചത്. കഴിഞ്ഞ ദിവസത്തേക്കാൾ നേരിയ കുറവ് രേഖപ്പെടുത്തി.

രാജ്യത്ത് കോവിഡ് വർധിക്കുന്ന അഞ്ചു സംസ്ഥാനങ്ങൾക്ക് രോഗവ്യാപനം തടയാൻ പ്രതിരോധനടപടികൾ ശക്തമാക്കാൻ കഴിഞ്ഞദിവസം കേന്ദ്രസർക്കാർ നിർദേശം നൽകിയിരുന്നു. തമിഴ്നാട്, കേരളം, തെലങ്കാന, കർണാടക, മഹാരാഷ്ട്ര സംസ്ഥാനങ്ങൾക്കാണ് കേന്ദ്ര ആരോഗ്യമന്ത്രാലയം നിർദേശം നൽകിയിരിക്കുന്നത്. രോഗവ്യാപനം ഉയരുന്നത് കണക്കിലെടുത്ത് ഡൽഹിയിൽ വിമാനത്താവളങ്ങളിലടക്കം നിയന്ത്രണങ്ങൾ കർശനമാക്കിയിട്ടുണ്ട്.

മഹാരാഷ്ട്രയിൽ കോവിഡ് വ്യാപനം രൂക്ഷമായതോടെ പൊതു സ്ഥലങ്ങളിൽ മാസ്ക് വീണ്ടും നിർബന്ധമാക്കി. ഫെബ്രുവരിക്കു ശേഷമുണ്ടാകുന്ന ഏറ്റവും ഉയർന്ന രോഗബാധയാണ് മുംബൈയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ബോംബെ ഐഐടി കോവിഡ് ക്ലസ്റ്ററായി മാറിയിട്ടുണ്ട്. ഇവിടെ 30 പേർക്കാണ് രോഗബാധ സ്ഥിരീകരിച്ചത്. 84 ദിവസങ്ങൾക്ക് ശേഷം വെള്ളിയാഴ്ച രാജ്യത്ത് കോവിഡ് കേസുകളുടെ എണ്ണം നാലായിരം കടന്നിരുന്നു.

# എക്സൈസ് സംവിധാനം കാര്യക്ഷമമാക്കാൻ മന്ത്രിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുടെ യോഗം

അഴിമതി മുക്തവും കാര്യക്ഷമവുമായ എക്സൈസ് സംവിധാനം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി എക്സൈസ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു. ജൂൺ 6, 7, 8 തീയതികളിലാണ് മൂന്ന് മേഖലകളിലായി എക്സൈസ് ഉദ്യോഗസ്ഥരുടെ യോഗം. മൂന്ന് യോഗത്തിലും മന്ത്രിയും ഉന്നത ഉദ്യോഗസ്ഥരും സംബന്ധിക്കും. അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിലേക്കുള്ള മുഴുവൻ ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുക്കും. ജൂൺ ആറിന് വൈകിട്ട് മൂന്നിന് കോഴിക്കോട് നടക്കുന്ന യോഗത്തിൽ മലപ്പുറം മുതൽ കാസർഗോഡ് വരെയുള്ള ഉദ്യോഗസ്ഥർ പങ്കെടുക്കും. ഏഴിന് എറണാകുളത്ത് ചേരുന്ന യോഗത്തിൽ പാലക്കാട്, തൃശൂർ, എറണാകുളം, ഇടുക്കി ജില്ലയിലെ ഉദ്യോഗസ്ഥർ പങ്കെടുക്കും. സൗത്ത് സോൺ യോഗം എട്ടിന് തിരുവനന്തപുരത്തും നടക്കും. ജോയിന്റ് എക്സൈസ് കമ്മീഷണർ, ഡെപ്യൂട്ടി കമ്മീഷണർ, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ എന്നീ തലങ്ങളിലുള്ള ഉദ്യോഗസ്ഥരാണ് യോഗത്തിൽ പങ്കെടുക്കുക. മയക്കുമരുന്ന് വ്യാപനം ഉൾപ്പെടെ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ എക്സൈസ് സേനയെ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് അനിവാര്യമാണെന്ന് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. ഭൂരിപക്ഷവും മികച്ച പ്രകടനം കാഴ്ച വെക്കുമ്പോളും, ചുരുക്കം ചില അഴിമതിക്കാർ ഇപ്പോളും സേനയിലുണ്ട്.

അഴിമതി തുടച്ചുനീക്കാനുള്ള നടപടികളുമായാണ് വകുപ്പ് മുന്നോട്ടുപോകുന്നത്. മയക്കുമരുന്ന്/ലഹരി മാഫിയയ്ക്ക് എതിരെയുള്ള എൻഫോഴ്സ്മന്റ് പ്രവർത്തനം ശക്തിപ്പെടുത്താൻ സേനയെ സജ്ജമാക്കുകയാണ് യോഗത്തിലൂടെ ലക്ഷ്യമിടുന്നതെന്നും മന്ത്രി വ്യക്തമാക്കി.

# 5000 വോട്ടുകളിൽ ചോർച്ചയുണ്ടായി, തൃക്കാക്കരയിൽ സി.പി.എം വിലയിരുത്തൽ

തിരുവനന്തപുരം: ഉപതിരഞ്ഞെടുപ്പിലെ സി.പി.എമ്മിന്റെ വമ്പൻ തോൽവിയിൽ വിലയിരുത്തലുമായി സി.പി.എം. സംസ്ഥാന സെക്രട്ടേറിയറ്റ്. പ്രതീക്ഷിച്ച 5000 വോട്ടുകളിൽ ചോർച്ചയുണ്ടായെന്നും കൂടിയത് 2800ൽപരം വോട്ടുമാത്രമാണെന്നുമാണ് വിലയിരുത്തൽ. മുഖ്യമന്ത്രിയടക്കമെത്തി കാടിളക്കി നടത്തിയ പ്രചാരണം കൊണ്ട് ഒരു ഫലവുമുണ്ടാവാത്തിൽ പാർട്ടിക്കുള്ളിൽ വിമർശനവും ഉയരുന്നുണ്ട്. ഇത് പ്രചാരണ തന്ത്രത്തിന്റെ പാളിച്ചയാണെന്ന ആരോപണവും സെക്രട്ടേറിയറ്റിൽ ഉയർന്നു.

ജോ ജോസഫിനെ അപ്രതീക്ഷിത സ്ഥാനാർഥിയാക്കിയതും ലിസി ഹോസ്പിറ്റലിൽ വെച്ച് പത്ര സമ്മേളനം നടത്തി പ്രഖ്യാപനം നടത്തിയതും സഭയുടെ സ്ഥാനാർഥിയെന്ന ആരോപണത്തിന് വളം വെക്കുന്നതായി പോയെന്നാണ് മറ്റൊരു പ്രധാന വിമർശനം. ഇതിനെ പ്രതിരോധിക്കാൻ കഴിഞ്ഞില്ല. കോൺഗ്രസിന്റെ ഉറച്ച മണ്ഡലമെന്ന നിലയ്ക്ക് അതിനെ അങ്ങനെ കണ്ടാൽ മതിയായിരുന്നുവെന്നും പത്ത് ദിവസത്തോളം മുഖ്യമന്ത്രി മണ്ഡലത്തിൽ ക്യാമ്പ് ചെയ്ത് പ്രചാരണം നടത്തേണ്ട ആവശ്യമില്ലായിരുന്നുവെന്നും കഴിഞ്ഞ ദിവസം ചേർന്ന സി.പി.എം സംസ്ഥാന സെക്രട്ടറേറിയറ്റ് വിലയിരുത്തി.

വട്ടിയൂർക്കാവിൽ നടന്ന പോലെ കാടിളക്കി പ്രചാരണം നടത്തിയാൽ തൃക്കാക്കരയും പിടിക്കാമെന്ന് പ്രചാരണത്തിന് നേതൃത്വം നൽകിയ നേതാക്കൾ മുഖ്യമന്ത്രിക്ക് നൽകിയ സന്ദേശം തെറ്റായി പോയി. ആം ആദ്മിയും ട്വന്റി20 യുമെല്ലാം ചെയ്യുന്നപോലെ പ്രൊഫഷണലുകളെ നിർത്തിയാൽ അത്തരം വോട്ടുകൾ കിട്ടുമെന്ന കണക്കുകൂട്ടലും തെറ്റി. ആദ്യ ഘട്ടത്തിൽ പ്രധാന ചർച്ചയായിരുന്ന കെ.റെയിൽ പിന്നീട് പെട്ടെന്നാണ് ചർച്ചയിൽ നിന്നും ഇല്ലാതായത്. കെ.റെയിലിന്റെ പ്രധാന സ്റ്റേഷൻ കടന്ന് പോവുന്ന തൃക്കാക്കരയിൽ അതിനെതിരെ വോട്ടു ചെയ്തുവെന്നതാണ് സത്യമെങ്കിലും അത് തുറന്ന് സമ്മതിക്കാൻ നേതൃത്വം തയ്യാറായിട്ടില്ല. തിരഞ്ഞെടുപ്പ് വരെ തകൃതിയായി നടന്ന കല്ലിടൽ പൊടുന്നനെ അവസാനിപ്പിച്ചതും ജനങ്ങളിൽ കെ.റെയിലിനെതിരേയുള്ള വികാരം ആളിക്കത്തിക്കാൻ യു.ഡി.എഫിന് കഴിഞ്ഞൂവെന്നും വിലയിരുത്തലുണ്ട്.

# ആരോഗ്യകരമായ പരിസ്ഥിതിയും ജീവിതാന്തരീക്ഷവും കുട്ടികളുടെ അവകാശം: ഗവർണർ

ആരോഗ്യകരമായ പരിസ്ഥിതിയും ജീവിതാന്തരീക്ഷവും ഉണ്ടാകേണ്ടത് ഓരോ കുട്ടിയുടെയും അവകാശമാണെന്നു ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്റർ (കെലാംപ്സ്) വിഭാഗവും യൂനിസെഫും സംയുക്തമായി സംഘടിപ്പിച്ച 'നാമ്പ്' കാലാവസ്ഥാ അസംബ്ലി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പരിസ്ഥിതി സംരക്ഷണത്തിന്റെ മുന്നണിപ്പോരാളികളാകാൻ പുതുതലമുറയിലെ കുട്ടികൾക്കു കഴിയണമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ വിഡിയോ സന്ദേശത്തിൽ പറഞ്ഞു. പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങൾ ആവർത്തിക്കുന്നത് കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമാണ്. ഇതു മറികടക്കാൻ ശാസ്ത്രീയമായ പ്രകൃതി സംരക്ഷണ രീതികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

കാലാവസ്ഥയിൽ അപകടകരമായ വ്യതിയാനം സംഭവിക്കുന്നത് മനുഷ്യജീവിതത്തിനു ഹിതകരമല്ലെന്നു ചടങ്ങിൽ പങ്കെടുത്ത റവന്യൂ മന്ത്രി കെ. രാജൻ ചൂണ്ടിക്കാട്ടി. പ്രകൃതി സംരക്ഷണം ലോകത്തെല്ലായിടത്തും ഒരേ പ്രാധാന്യത്തോടെ നടപ്പാക്കേണ്ടതാണെന്നും അതിനായി മികച്ച ആശയങ്ങളുടെ ആഗോളതല കൈമാറ്റം ഉണ്ടാവണമെന്നും യുണിസെഫ് ഇന്ത്യ സോഷ്യൽ പോളിസി ചീഫ് ഹ്യുൻ ഹീ ബാൻ പറഞ്ഞു.

നിയമസഭാ സ്പീക്കർ എം.ബി. രാജേഷ്, പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ്, കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് ഡയറക്ടർ ജനറൽ ഡോ. ബി. സന്ധ്യ, നിയമസഭാ സെക്രട്ടറി ഇൻ ചാർജ് കവിത ഉണ്ണിത്താൻ എന്നിവർ പ്രസംഗിച്ചു. സംസ്ഥാനത്തെ 14 ജില്ലകളെയും പ്രതിനിധീകരിച്ച് വിദ്യാർഥികളും യുവാക്കളും അസംബ്ലിയിൽ പങ്കെടുത്തു.

വൈകിട്ട് നടന്ന സമാപന സമ്മേളനം പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അധ്യക്ഷത വഹിച്ചു. നിയമസഭാ പരിസ്ഥിതി സമിതി അധ്യക്ഷൻ ഇ.കെ. വിജയൻ എം.എൽ.എ, കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയ മുൻ സെക്രട്ടറി ഡോ. എം. രാജീവൻ, ദുരന്ത നിവാരണ കമ്മീഷണർ ഡോ. എ. കൗശിഗൻ, കേരള യൂത്ത് ലീഡർഷിപ് അക്കാദമി ഡയറക്ടർ ജെറോമിക് ജോർജ്, കേരള, തമിഴ്നാട് സോഷ്യൽ പോളിസി ചീഫ് കെ.എൽ. റാവു, കെ ലാംപ്സ് എക്സിക്യൂട്ടിവ് ഡയറക്ടർ മഞ്ജു വർഗീസ് എന്നിവർ സംസാരിച്ചു.

# ലോക ഭക്ഷ്യസുരക്ഷാ ദിനം: ദേശീയ സെമിനാർ ഇന്ന്

ലോക ഭക്ഷ്യസുരക്ഷാ ദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പ് സംഘടിപ്പിക്കുന്ന ദേശീയ സെമിനാർ ഇന്ന്(07 ജൂൺ) തിരുവനന്തപുരത്തെ ഹോട്ടൽ ഗ്രാൻഡ് ചൈത്രത്തിൽ നടക്കും. രാവിലെ 9.30നു നടക്കുന്ന ചടങ്ങിൽ ആരോഗ്യ മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. ഗതാഗത മന്ത്രി ആന്റണി രാജു, മേയർ ആര്യ രാജേന്ദ്രൻ, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രഗഡെ തുടങ്ങിയവർ പങ്കെടുക്കും. ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട വിവിധ മേഖലകളിലെ പ്രമുഖർ ക്ലാസെടുക്കും.

ഭക്ഷ്യ സുരക്ഷാ ദിനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സെമിനാറുകൾ, ക്വിസ്, പോസ്റ്റർ ഡിസൈനിങ്, സംവാദം, പെയിന്റിങ്, വോക്കത്തോൺ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. പൊതുജനങ്ങൾക്കായി സംസ്ഥാനത്തുടനീളം ഇരുന്നൂറോളം ബോധവത്കരണ ക്ലാസുകളും സംഘടിപ്പിക്കും.

# ദേശീയ നാട്യോത്സവം: സംഘാടനത്തിനു താത്പര്യപത്രം ക്ഷണിച്ചു

സാംസ്കാരിക വകുപ്പിനു കീഴിലുള്ള ഗുരു ഗോപിനാഥ് നടനഗ്രാമം ജൂൺ 23 മുതൽ 30 വരെ തിരുവനന്തപുരത്തു സംഘടിപ്പിക്കുന്ന ദേശീയ നാട്യോത്സവം ഡാൻസ് ഡ്രാമ ഫെസ്റ്റിവലിന്റെ സംഘാടനത്തിനു സഹകരിക്കാൻ താത്പര്യമുള്ള വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നു താത്പര്യപത്രം ക്ഷണിച്ചു. സർക്കാർ അംഗീകൃത ചാരിറ്റബിൾ സൊസൈറ്റി, ട്രസ്റ്റ്, ഫൗണ്ടേഷൻ, ഇവൻ മാനേജ്മെന്റ് കമ്പനികൾ, കൺസൾട്ടൻസി എന്നിവയെ പരിഗണിക്കും. അപേക്ഷകൾ സെക്രട്ടറി, ഗുരു ഗോപിനാഥ് നടനഗ്രാമം, വട്ടിയൂർക്കാവ് എന്ന വിലാസത്തിലോ ലെ രൃലമ്യേൃഴഴിഴ@ഴാമശഹ.രീാ എന്ന ഇമെയിലിലോ ജൂൺ 13നു വൈകിട്ടു നാലിനു മുൻപു ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് 7356993721.

# സംസ്ഥാനത്തെ മുഴുവൻ ആരോഗ്യ പ്രവർത്തകർക്കും വിദഗ്ധ പരിശീലനം

തിരുവനന്തപുരം: സംസ്ഥാനത്തെ മുഴുവൻ ആരോഗ്യ പ്രവർത്തകർക്കും ട്രോമ ആന്റ് എമർജൻസിയിൽ വിദഗ്ധ പരിശീലനം നൽകും. റോഡപകടങ്ങളിൽപ്പെട്ടവർക്ക് അടിയന്തര വിദഗ്ധ ചികിത്സ ഉറപ്പാക്കാൻ തിരുവനന്തപുരത്ത് സ്ഥാപിച്ച അപെക്സ് ട്രോമ ആന്റ് എമർജൻസി ലേണിങ് സെന്ററിന് (എടിഇഎൽസി) മൂന്ന് കോടി രൂപ അനുവദിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. അത്യാധുനിക സൗകര്യങ്ങളെയോടെയുള്ള അപെക്സ് ട്രോമ ആന്റ് എമർജൻസി ലേണിങ് സെന്റർ സജ്ജമാക്കുന്നതിനാണ് തുകയനുവദിച്ചത്. ഹൈ ഫിഡലിറ്റി സിമുലേറ്ററുകൾ, വിവിധ മാനികിനുകൾ തുടങ്ങിയ പരിശീലന അനുബന്ധ സംവിധാനങ്ങൾക്കാണ് തുകയനുവദിച്ചത്. ഈ സെന്റർ വഴി ഇതുവരെ 11,000 പേർക്കാണ് വിദഗ്ധ പരിശീലനം നൽകിയത്.

മെഡിക്കൽ കോളജുകളിലും പ്രധാന ആശുപത്രികളിലും എമർജൻസി ആന്റ് ട്രോമ കെയർ സൗകര്യങ്ങൾ സജ്ജമാക്കി വരുന്നു. ഇതിൽ ഏറ്റവും പ്രധാനമാണ് ജീവനക്കാർക്കുള്ള പരിശീലനം. ഒരാൾ അപകടത്തിൽപ്പെട്ടാൽ ഗോൾഡൻ അവറിനുള്ളിൽ ( ആദ്യഒരുമണിക്കൂർ) അയാളെ രക്ഷിക്കുക എന്നത് വളരെ പ്രധാനമാണ്. അതിന് വിദഗ്ധ പരിശീലനം ആവശ്യമാണ്. ഇത് മുന്നിൽ കണ്ടാണ് ആരോഗ്യ പ്രവർത്തകരെ പരിശീലിപ്പിക്കുന്നതിനായി അപെക്സ് ട്രോമ ആന്റ് എമർജൻസി ലേണിങ് സെന്റർ ആരംഭിച്ചത്.

ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ തുടങ്ങിയവർക്കായി വിവിധ തരം എമർജൻസി ആന്റ് ട്രോമ അനുബന്ധ കോഴ്സുകളാണ് ഈ സെന്ററിൽ നടത്തുന്നത്. അത്യാധുനിക സൗകര്യങ്ങളുള്ള ഈ കേന്ദ്രത്തിൽ സ്മാർട്ട് ക്ലാസ് റൂമുകൾ, സിമുലേഷൻ ലാബുകൾ, ഡീബ്രീഫിങ് റൂമുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പരിശീലനം നൽകുന്നതിന് ഉപയോഗിക്കുന്ന വിവിധതരം കൃത്രിമോപകരണങ്ങൾ, മനുഷ്യശരീരത്തിനു സമാനമായ മാനികിനുകൾ, മെഡിക്കൽ ഉപകരണങ്ങൾ തുടങ്ങിയവയും സജ്ജമാക്കിയിട്ടുണ്ട്. ഇതുകൂടാതെയാണ് പുതിയ സംവിധാനങ്ങൾക്ക് തുകയനുവദിച്ചത്.

# ഡിജിപിയുടെ ഓൺലൈൻ അദാലത്ത് ജൂലൈ ഏഴ്, 15, 23 തീയതികളിൽ

തിരുവനന്തപുരം: പൊലീസ് ഉദ്യോഗസ്ഥരുടെ പരാതികളിൽ പരിഹാരം കാണുന്നതിനായി സംസ്ഥാന പൊലീസ് മേധാവി അനിൽ കാന്ത് ജൂലൈ ഏഴ് 15, 23 തീയതികളിൽ ഓൺലൈൻ അദാലത്ത് നടത്തും.

കോഴിക്കോട് സിറ്റി, കോഴിക്കോട് റൂറൽ എന്നീ ജില്ലകളിലെ പൊലീസ് ഉദ്യോഗസ്ഥരുടെ പരാതികൾ ജൂലൈ ഏഴിന് പരിഗണിക്കും. പരാതികൾ ലഭിക്കേണ്ട അവസാന തീയതി ഈ മാസം 14 ആണ്. എംഎസ്പി, ആർആർആർഎഫ്, ഐആർബി, എസ്ഐഎസ്എഫ്, വനിതാ പൊലീസ് എന്നീ ബറ്റാലിയനുകളിലെ ഉദ്യോഗസ്ഥരുടെ പരാതികൾ 15നാണ് പരിഗണിക്കുന്നത്. പരാതികൾ ലഭിക്കേണ്ട അവസാന തീയതി ഈ മാസം 18. തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം റൂറൽ എന്നിവിടങ്ങളിലെ പരാതികൾ 23ന് പരിഗണിക്കും. പരാതികൾ ലഭിക്കേണ്ട അവസാന തീയതി ഈ മാസം 25.

പരാതികൾ ൂരമേഹസഹ.ുീഹ@സലൃമഹമ.ഴീ.ശി വിലാസത്തിൽ ലഭിക്കണം. പരാതിയിൽ മൊബൈൽ നമ്പർ ഉൾപ്പെടുത്തണം. ഹെൽപ്പ് ലൈൻ നമ്പർ: 9497900243. എസ്പിസി ടാക്ക് വിത്ത് കോപ്പ്സ് എന്ന് നാമകരണം ചെയ്തിരിക്കുന്ന പരിപാടിയിൽ സർവീസിൽ ഉള്ളതും വിരമിച്ചതുമായ പൊലീസ് ഉദ്യോഗസ്ഥരുടെ സർവീസ് സംബന്ധവും വ്യക്തിപരവുമായ പരാതികളാണ് പരിഗണിക്കുന്നത്. ഇവ നേരിട്ട് സംസ്ഥാന പൊലീസ് മേധാവിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാം. പൊലീസ് ഉദ്യോഗസ്ഥർക്ക് മേലധികാരി മുഖേന അല്ലാതെ നേരിട്ടുതന്നെ പരാതി നൽകാമെന്നതാണ് ഇതിന്റെ പ്രത്യേകത. പൊലീസ് ഉദ്യോഗസ്ഥരുടെ ജീവിതപങ്കാളിക്കും പരാതി നൽകാം.

# ട്രിമ2022 സെമിനാറുകളിൽ കേരളത്തിൻെറ വികസന വിഷയങ്ങൾ ചർച്ചയാകും

തിരുവനന്തപുരം: ജൂൺ 10 മുതൽ ട്രിവാൻഡ്രം മാനേജ്മെൻറ് അസോസിയേഷൻ (ടിഎംഎ) സംഘടിപ്പിക്കുന്ന ട്രിമ 2022 ദ്വിദിന വാർഷിക മാനേജ്മെൻറ് കൺവെൻഷനിൽ വ്യവസായമാനേജ്മെൻറ് തലവൻമാരും വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ധരും കാഴ്ചപ്പാടുകൾ പങ്കിടും.

തിരുവനന്തപുരം ഒബൈ താമര ഹോട്ടലിൽ കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഉദ്ഘാടനം ചെയ്യുന്ന ചടങ്ങിൽ രണ്ട് ദിവസങ്ങളിലായി നാല് സാങ്കേതിക സെഷനുകൾ ഉണ്ടായിരിക്കും. പ്രമേയാധിഷ്ഠിത സെഷനുകൾക്ക് നേതൃത്വം നൽകുന്ന പ്രമുഖ വ്യക്തികൾ തങ്ങളുടെ അനുഭവങ്ങളും കേരളത്തിൽ അവലംബിക്കാവുന്ന മികച്ച മാതൃകകളും പങ്കുവയ്ക്കും. അവതരണങ്ങൾ, പാനൽ ചർച്ചകൾ, പുരസ്കാര വിതരണം എന്നിവയ്ക്കും 'വിഷൻ ട്രിവാൻഡ്രം 2025' എന്ന പ്രമേയത്തിൽ നടക്കുന്ന ട്രിമ 2022 വേദിയാകും.

ഉദ്ഘാടന സമ്മേളനത്തിൽ ഇന്ത്യയുടെ ബഹിരാകാശ പദ്ധതിയിലെ മികച്ച സംഭാവനകൾക്കും ഭാവിപദ്ധതികളിൽ പുതിയ ചലനാത്മകത പകർന്നു നൽകിയതിനും ടിഎംഎ ഏർപ്പെടുത്തിയ മാനേജ്മെൻറ് ലീഡർഷിപ്പ് അവാർഡ് 2022 ഐഎസ്ആർഒ ചെയർമാൻ എസ്. സോമനാഥിന് സമ്മാനിക്കും. വി. എസ്. എസ്. സി ഡയറക്ടർ എസ്. ഉണ്ണികൃഷ്ണൻ നായർ മുഖ്യ പ്രഭാഷണം നടത്തും.

സ്റ്റാർട്ടപ്പ് ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള മികച്ച സംഭാവനകൾക്ക് എൽവിക്റ്റോ ടെക്നോളജീസിന് ടിഎംഎഅദാനി സ്റ്റാർട്ടപ്പ് അവാർഡ് നൽകും. തിരുവനന്തപുരം മിഷൻ 2030 നെക്കുറിച്ചുള്ള മികച്ച പേപ്പർ അവതരണത്തിനുള്ള ടിഎംഎകിംസ് അവാർഡിന് അർഹനായ സിഇടി സ്കൂൾ ഓഫ് മാനേജ്മെൻറിലെ അതിരജ് ജെആർ നായർ, രണ്ടാം സ്ഥാനം നേടിയ ഡിസി സ്കൂൾ ഓഫ് മാനേജ്മെൻറിലെ ആകാശ് എസ്, അജീഷ് വി. എസ്, സിഇടി സ്കൂൾ ഓഫ് മാനേജ്മെൻറിലെ ഉത്തര നായർ, രാഹുൽ എ. എന്നിവർക്കും പുരസ്കാരങ്ങൾ നൽകും.

ഗതാഗത മന്ത്രി ആൻറണി രാജു, ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി. ആർ അനിൽ, പൊതുവിദ്യാഭ്യാസ, തൊഴിൽ മന്ത്രി വി. ശിവൻകുട്ടി എന്നിവർ ജൂൺ 11 ന് നടക്കുന്ന ട്രിമ 2022 ൻറെ സമർപ്പണ സെഷനിൽ തങ്ങളുടെ കാഴ്ചപ്പാടുകൾ പങ്കിടും. ആൾ ഇന്ത്യ മാനേജ്മെൻറ് അസോസിയേഷൻ പ്രസിഡൻറ് സി. കെ രംഗനാഥൻ വിശിഷ്ടാതിഥിയായിരിക്കും.

ഉദ്ഘാടന സമ്മേളനത്തിനു ശേഷം ട്രിമ 2022 ൻറെ ആദ്യ സാങ്കേതിക സെമിനാർ 'സുസ്ഥിര വികസനം' എന്ന വിഷയത്തിൽ സംസ്ഥാന ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ. ആർ. ജ്യോതിലാൽ മുഖ്യപ്രഭാഷണം നടത്തും. സംസ്ഥാന ആസൂത്രണ ബോർഡ് മുൻ അംഗം ജി. വിജയരാഘവൻ മോഡറേറ്ററായിരിക്കും. അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് സിഎസ്ആർ മേധാവി അനിൽ ബാലകൃഷ്ണൻ, എംഎസ്എംഇ മന്ത്രാലയത്തിലെ എയ്ഡഡ് മിഷൻസ് ചീഫ്എക്സ്റ്റേണലി ഡോ. വിനീത ഹരിഹരൻ, എജി ആൻറ് പി പ്രഥം വൈസ് പ്രസിഡൻറും റീജിയണൽ ഹെഡുമായ രഞ്ജിത്ത് രാമകൃഷ്ണൻ എന്നിവരാണ് മറ്റ് പാനലിസ്റ്റുകൾ.

രണ്ടാം ദിനത്തിൽ 'മാനവ മൂലധനം' എന്ന വിഷയത്തിൽ നടക്കുന്ന സെമിനാറിൽ മുൻ ഇന്ത്യൻ അംബാസഡറും ഐഎഇഎയുടെ ഇന്ത്യ ഗവർണറുമായ ഡോ. ടി. പി ശ്രീനിവാസൻ മോഡറേറ്ററാകും. ചെമ്മണൂർ അക്കാദമി മാനേജിങ് ഡയറക്ടർ അനിഷാ ചെറിയാൻ മുഖ്യപ്രഭാഷണം നടത്തും. ഇന്ത്യൻ നേവി മുൻ വൈസ് അഡ്മിറലും എൽ ആൻറ് ടി ഷിപ്പ് ബിൽഡിംഗ് ലിമിറ്റഡിൻറെ മുൻ സിഇഒയും എംഡിയുമായ ബി. കണ്ണൻ, സ്കിൽ ഫാവ്സ് ഡയറക്ടർ (പ്രൊഡക്ട്സ്, റിസർച്ച് ആൻറ് ഡവലപ്മെൻറ്) ഡോ ടി. പി. സേതുമാധവൻ, എപിജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ ഡോ. രാജശ്രീ എം. എസ്, ആർജിസിബി ഡയറക്ടർ പ്രൊഫ. ചന്ദ്രഭാസ് നാരായണ എന്നിവർ പങ്കെടുക്കും.

'തടസ്സമില്ലാത്ത കണക്റ്റിവിറ്റിയും ലോകോത്തര അടിസ്ഥാന സൗകര്യങ്ങളും' എന്ന വിഷയത്തിലുള്ള സെമിനാറിൽ പാലിയം ഇന്ത്യ സിഇഒയും ഗ്വാളിയോർ സ്മാർട്ട് സിറ്റി ഡെവലപ്മെൻറ് കോർപ്പറേഷനിലെ മുൻ ഇൻഡിപെൻഡൻറ് ഡയറക്ടറുമായ രാജ് കാലടി മുഖ്യ പ്രഭാഷകനായിരിക്കും. അദാനി ട്രിവാൻഡ്രം എയർപോർട്ട് ചീഫ് എയർപോർട്ട് ഓഫീസറും അദാനി എയർപോർട്ട് ഹോൾഡിംഗ്സ് ലിമിറ്റഡ് ഓപ്പറേഷൻസ് ജോയിൻറ് പ്രസിഡൻറുമായ പ്രഭാത് കുമാർ മഹാപത്ര, നാറ്റ്പാക് ഡയറക്ടർ ഡോ. സാംസൺ മാത്യു, കേരള റെയിൽ ഡെവലപ്മെൻറ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ വി. അജിത്കുമാർ, കിറ്റ്കോ മാനേജിംഗ് ഡയറക്ടർ ഡബ്ല്യു. ആർ. ഹരിനാരായണരാജ് എന്നിവരാണ് പാനലിസ്റ്റുമാർ. മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ടി. ബാലകൃഷ്ണൻ മോഡറേറ്ററാകും.

'ഇന്നവേഷൻ ആൻറ് എൻറർപ്രണർഷിപ്പ്' എന്ന വിഷയത്തിൽ നടക്കുന്ന അവസാന സെമിനാർ സെഷനിൽ കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ് മുഖ്യ പ്രഭാഷകനും ഏണസ്റ്റ് ആൻറ് യംഗ് ഗ്ലോബൽ ലിമിറ്റഡ് അസോസിയേറ്റ് പാർട്ണർ രാജേഷ് നായർ മോഡറേറ്ററുമായിരിക്കും. ടേൺസ്റ്റോൺ ഹോസ്പിറ്റാലിറ്റി എൽഎൽപിയുടെ സ്ഥാപകനും സിഇഒയും ഹോസ്പിറ്റാലിറ്റി വിദഗ്ധനും കൺസൾട്ടൻറുമായ പി. കെ മോഹൻകുമാർ, നിസാൻ ഡിജിറ്റൽ ഇന്ത്യ മേധാവി (ഡിവിഷണൽ ജനറൽ മാനേജർ) രമേഷ് മിറാജെ, ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് എംഡിയും സിഇഒയുമായ മൂർത്തി ചഗന്തി എന്നിവർ പങ്കെടുക്കും.

സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും താൽപ്പര്യമുള്ള വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും ട്രിമ 2022 ൽ പ്രതിനിധികളായി രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യാൻ 7907933518 / 9447714672 നമ്പറുകളിൽ ബന്ധപ്പെടുക. ഇമെയിൽ: tm-a-tvm-k-er-a-l-a@gm-a-i-l. com. കൂടുതൽ വിവരങ്ങൾക്ക്: h-ttp-s: //tm-a-k-er-a-l-a. com-t/r-im-a-2022t/r-im-a-2022.h-tm-l.വ്യവസായ പ്രമുഖർ, നയകർത്താക്കൾ, പ്രൊഫഷണലുകൾ, ബിസിനസുകാർ തുടങ്ങിയവർ ഉൾപ്പെടെ ഇരുന്നൂറിലധികം പ്രതിനിധികൾ ദ്വിദിന കൺവെൻഷനിൽ പങ്കെടുക്കും. ന്യൂഡൽഹി കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഓൾ ഇന്ത്യ മാനേജ്മെൻറ് അസോസിയേഷൻറെ അംഗീകാരമുള്ള പ്രമുഖ മാനേജ്മെൻറ് അസോസിയേഷനാണ് ടിഎംഎ.



പീപ്പിൾസ് ഗ്രീൻ റെസ്റ്റ് ഹൗസ് പദ്ധതി പൊതുമരാമത്ത് ടൂറിസം മന്ത്രി പി. എ. മുഹമ്മദ് റിയാസ് തൈക്കാട് റെസ്റ്റ് ഹൗസിൽ വൃക്ഷത്തൈ നട്ട് ഉദ്ഘാടനം ചെയ്യുന്നു

# ഇ.സോമനാഥ് ഫ്രറ്റേണിറ്റിയുടെ പരിസ്ഥിതിദിനാചരണം

തിരുവനന്തപുരം : സാമൂഹിക, പരിസ്ഥിതി ആഘാത പഠനങ്ങൾ നടത്താതെ പദ്ധതി പ്രഖ്യാപിക്കുകയും നടപ്പാക്കുമെന്നും പറയു!ന്നവർ ഒരേ ഒരു ഭൂമി മാത്രമേയുള്ളൂ!വെന്ന വസ്തുത തിരിച്ചറിയണമെന്നു പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞൻ ഡോ.ആർ.വി.ജി.മേനോൻ പറഞ്ഞു.

മലയാള മനോരമ മുൻ സീനിയർ സ്പെഷൽ കറസ്പോണ്ടന്റ് പരേതനായ ഇ.സോമനാ!ഥിന്റെ സ്മരണ!യ്ക്കായുള്ള ഇ.സോമനാഥ് ഫ്രറ്റേ!ണിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ പരിസ്ഥിതിദിനാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പദ്ധതി തീരുമാനിച്ച ശേഷം എന്തു വില കൊടുത്തും നടപ്പാക്കുമെന്ന അഹങ്കാര!വുമായിട്ടാണ് ചിലരുടെ പ്രവർത്തനം. സാമൂഹിക പരിസ്ഥിതി ആഘാത പഠനങ്ങൾക്കു ശേഷം, ഇതിലെ പാഠങ്ങൾ ഉൾക്കൊണ്ടാണു വികസന പദ്ധതികൾ നടപ്പാക്കേണ്ടത്. സാങ്കേതിക വിദ്യയുടെ വികാസ!ത്തിൽ ചിലർക്ക് അഹങ്കാരം വരും. ഇതു പരിഗണിച്ച് വികസനം നടപ്പാക്കാൻ ഒരുങ്ങുന്നത് ശരിയല്ല. വികസനമെന്ന മന്ത്ര!മാണ് എല്ലാ മന്ത്രിമാരും പറയുന്നത്. വികസനത്തിന് എതിരു നിന്നാൽ അപഖ്യാതി ഉണ്ടാകും. ഒരു വികസന പദ്ധതി തയാറാക്കിയാൽ പാരിസ്ഥി!തിക അനുമതി ലഭ്യമാക്കുകയാണ് വേണ്ടത്. ആദ്യം തന്നെ ഇതിനായി പഠനം നടത്തണം. വികസന പദ്ധതികൾ നടപ്പാക്കുമ്പോൾ ഇതു സുസ്ഥിര!മാണോ എന്നതിനെക്കുറിച്ച് ആലോചന വേണം. പുനഃരാലോചന!കളുണ്ടാകുമ്പോൾ ചിലർക്കു നോവും. മുൻപു പ്രഖ്യാപിച്ച കാര്യങ്ങൾ അപ്പോൾ വേണ്ടെന്നു വയ്ക്കണം. പ്രബുദ്ധ!മായ തീരുമാനങ്ങളാണ് ഉണ്ടാകേണ്ടത്. ആലോചനയില്ലാതെ എടുക്കുന്ന തീരുമാനങ്ങൾ വികസനത്തിന് ഉതകു!ന്നതല്ല.

യൂറോപ്യൻ സൂപ്പർ സോണിക് വിമാനങ്ങൾ ഗതാഗത ആവശ്യങ്ങൾക്കായി ഉപയോഗിക്കുമ്പോൾ പാരിസ്ഥിതിക ആഘാ!തത്തെക്കുറിച്ച് ആലോചനകൾ നടത്തിയിരുന്നു. എതിർപ്പുകൾ ഉണ്ടായപ്പോൾ വേണ്ടെന്നു വച്ചതിനെ മാതൃകയാക്കണം. ജീവജാലങ്ങളുടെ നിലനിൽപ്പി!നു ഭൂമി വേണം.. നശിക്കുന്ന ഭൂമിയുടെ വിഭവങ്ങളെ ചൂഷണം ചെയ്ത് ഹ്രസ്വ ലാഭം ഉണ്ടാ!ക്കാനുള്ള കോർപറേറ്റുകളുടെ ശ്രമം തിരിച്ചറിയണം. മുങ്ങുന്ന കപ്പലിലെ സുഖ!ഭോഗം അനുഭവി!ക്കാനുള്ള ഇത്തരക്കാരുടെ നീക്കം തിരിച്ചറിഞ്ഞ് പ്രകൃതിയെ സംരക്ഷിക്കണം. ഭൂമി സംരക്ഷണം നിലനിൽപ്പി!ന്റെ കൂടി സംരക്ഷണമാണെ!ണെന്നും ആർ.വി.ജി.മേനോൻ പറഞ്ഞു. കേരളത്തിന് പാരിസ്ഥി!തിക ജീവനോപാധിയാണ് വേണ്ടതെന്നും ആരും ഇതിൽ വാശി!പിടിച്ചിട്ടു കാര്യമില്ലെന്നും ചടങ്ങിൽ അധ്യക്ഷനായിരുന്ന സിഎംപി ജനറൽ സെക്രട്ടറി സി.പി.ജോൺ പറഞ്ഞു. പരിസ്ഥിതിയും ജീവനോപാ!ധിയിലും അധിഷ്ഠിതമാ!യിട്ടാണ് വികസനം നടപ്പാക്കേണ്ടത്. പദ്ധതികൾ നടപ്പാക്കുമ്പോൾ ഇതു കൃഷിക്കും പരിസ്ഥിതിക്കും എതിരാണോ!യെന്നും ആലോചിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ഹരിത മാധ്യമപ്രവർത്ത!നത്തിലെ തിളങ്ങുന്ന അധ്യായമാ!യിരുന്നു ഇ.സോമനാഥ് എന്ന് മുഖ്യ പ്രഭാഷണം നടത്തിയ കേരള മീഡിയ അക്കാദമി ചെയർമാൻ ആർ.എസ്.ബാബു പറഞ്ഞു. പി.വേണുഗോപാൽ, യു.വിക്രമൻ, സുജിത് നായർ, എൻ.കെ.ഗിരീഷ് എന്നിവർ പ്രസംഗിച്ചു.

# തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിൽ അഞ്ചു ശതമാനം കടമുറികൾ സ്ത്രീകൾക്ക്: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

തദ്ദേശ സ്ഥാപനങ്ങൾക്ക് കീഴിലെ ഷോപ്പിംഗ് കോംപ്ലക്സുകളിൽ അഞ്ചു ശതമാനം കടമുറികൾ സ്ത്രീകൾക്കു വേണ്ടി മാറ്റിവെക്കാൻ നിർദേശം നൽകിയതായി തദ്ദേശ സ്വയം ഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ അറിയിച്ചു. തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വ്യവസായ പാർക്കുകളിലും ഈ ഉത്തരവ് ബാധകമാണ്.

അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതരായ സ്ത്രീകളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും സാമ്പത്തികമായി സ്വയം പര്യാപ്തരാക്കുന്നതും ലക്ഷ്യമിട്ട് സർക്കാർ നടത്തുന്ന ഇടപെടലുകളുടെ ഭാഗമായാണ് നടപടി. രാജ്യത്ത് തന്നെ ആദ്യമായിട്ടാണ് ഷോപ്പിങ് കോംപ്ലക്സുകളിലെ കടമുറികളിൽ വനിതാ സംരംഭകർക്ക് സംവരണം ഏർപ്പെടുത്തുന്നത്. നിലവിൽ ഈ നിബന്ധന പാലിക്കാത്ത ഷോപ്പിംഗ് കോംപ്ലക്സുകളിൽ, ഒഴിവ് വരുന്ന ക്രമത്തിൽ നിശ്ചിത ശതമാനം വനിതാ പ്രാതിനിധ്യം ഉറപ്പാക്കണമെന്നും മന്ത്രി നിർദേശിച്ചു.

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്ക് നൽകുമ്പോൾ 10 ശതമാനം പട്ടികജാതി പട്ടിക വർഗക്കാർക്കും മൂന്നു ശതമാനം വികലാംഗർക്കും നീക്കിവെക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. ഇതിന് പുറമേയാണ് അഞ്ചു ശതമാനം കടമുറികൾ സ്ത്രീകൾക്കു വേണ്ടിയും മാറ്റിവെക്കുന്നത്. പേരിന് ഒരു സ്ത്രീയുടെ പേരിൽ കട വാടകയ്ക്ക് എടുത്ത്, മറ്റ് ആളുകൾ ബിസിനസ് നടത്തുന്ന സ്ഥിതി ഇല്ലെന്ന് തദ്ദേശ സ്ഥാപനങ്ങൾ ഉറപ്പുവരുത്തണം. മുറി അനുവദിക്കുന്നതിൽ കുടുംബശ്രീ ഓക്സിലറി യൂണിറ്റുകൾക്ക് ഉൾപ്പെടെ മുൻഗണന നൽകണമെന്നും മന്ത്രി നിർദ്ദേശിച്ചു.

വനിതകളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനായി സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധതയോടെ പ്രവർത്തിക്കുകയാണെന്ന് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. സ്ത്രീ ശാക്തീകരണത്തിലേക്ക് നയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകം സാമ്പത്തികശാക്തീകരണമാണ്. കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പുകളിലൂടെ സംരംഭകത്വം പ്രോത്സാഹിപ്പിച്ചും, തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആയിരത്തിൽ അഞ്ചുപേർക്ക് തൊഴിൽ നൽകിയും, ഇരുപതുലക്ഷം പേർക്ക് തൊഴിൽ നൽകുന്ന കെ ഡിസ്ക് പദ്ധതിയിലൂടെയും അഭ്യസ്തവിദ്യരായ യുവതികളുടെ തൊഴിൽ ഉറപ്പാക്കുകയാണ് സർക്കാർ. സ്ത്രീകളുടെ സാമൂഹിക, സാമ്പത്തിക പുരോഗതി ഉറപ്പുവരുത്തുന്ന സർക്കാർ നിലപാടിന്റെ തുടർച്ചയാണ് തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലെ കടമുറികളിൽ അഞ്ച് ശതമാനം സ്ത്രീകൾക്ക് നൽകുന്നതെന്നും മന്ത്രി പറഞ്ഞു.



ഫയൽ തീർപ്പാക്കൽ യജ്ഞത്തിന്റെ ഭാഗമായി ജില്ലാതല അവലോകന യോഗത്തിൽ ഗതാഗത മന്ത്രി ആന്റണി രാജു സംസാരിക്കുന്നു

# കിലെയെ ദേശീയ നിലവാരത്തിലുള്ള ഗവേഷണ കേന്ദ്രമാക്കും: മന്ത്രി വി. ശിവൻകുട്ടി

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിനെ (കിലെ) ദേശീയ നിലവാരത്തിലുള്ള ഗവേഷണ പഠന കേന്ദ്രമാക്കുമെന്നു തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി. തൊഴിൽ നിയമങ്ങളുമായി ബന്ധപ്പെട്ടു കിലെ ആരംഭിച്ച എക്സിക്യൂട്ടീവ് സർട്ടിഫിക്കേഷൻ പ്രോഗ്രാം ഇൻ ലേബർ ലോസ് ആൻഡ് മാനേജ്മെന്റ് ഓൺലൈൻ കോഴ്സിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.തൊഴിൽ നിയമങ്ങളുമായി ബന്ധപ്പെട്ടു കിലെ ആരംഭിക്കുന്ന സർട്ടിഫിക്കേഷൻ കോഴ്സ് ട്രേഡ് യൂണിയൻ രംഗത്തുള്ളവർ, ഹ്യൂമൻ റിസോഴ്സസ് മേഖലയിലുള്ളവർ, നിയമ വിദ്യാർഥികൾ തുടങ്ങി തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടുനിൽക്കുന്നവർക്കു വളരെ പ്രയോജനം ചെയ്യുന്നതാണെന്നു മന്ത്രി പറഞ്ഞു.

മിനിമം വേതനം കൃത്യമായി നടപ്പാക്കുന്ന ഏക സംസ്ഥാനമാണു കേരളം. മിനിമം വേജസ് കമ്മിറ്റി ഏറ്റവും ഫലപ്രദമായി പ്രവർത്തിക്കുന്നതും ഇവിടെയാണ്. അതുകൊണ്ടുതന്നെ തൊഴിൽനിയമങ്ങളെക്കുറിച്ചുള്ള അവബോധം പ്രധാനമാണെന്നും മന്ത്രി പറഞ്ഞു.

ലേബർ കോഡുകൾ, പോഷ് ആക്ട്, മാനേജ്മന്റ് പ്രിൻസിപ്പൽസ് എന്നീ വിഷയങ്ങളാണ് കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ചടങ്ങിൽ തൊഴിൽ വകുപ്പ് സെക്രട്ടറി മിനി ആന്റണി, ലേബർ കമ്മിഷണർ ടി.വി അനുപമ, കിലെ എക്സിക്യൂട്ടീവ് ഡയറക്ടർ സുനിൽ തോമസ് തുടങ്ങിയവർ പങ്കെടുത്തു.

## ഔഷധ സസ്യകൃഷി

സംസ്ഥാന ഔഷധസസ്യ ബോർഡ് 202223 സാമ്പത്തിക വർഷത്തേക്ക് ഔഷധസസ്യ കൃഷിയുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് അപേക്ഷ ക്ഷണിച്ചു. കർഷകർ, കർഷക സംഘങ്ങൾ, സൊസൈറ്റികൾ, കുടുംബശ്രീകൾ, സഹകരണ സംഘങ്ങൾ എന്നീ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് അപേക്ഷിക്കാം. പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള അപേക്ഷാഫോമുകളും വിശദവിവരങ്ങളും സംസ്ഥാന ഔഷധസസ്യ ബോർഡിന്റെ ൦൦൦.ാെയസല്യമഹമ.ീൃഴ എന്ന വെബ്സൈറ്റിലും ഓഫീസുകളിലും ലഭിക്കും.

## മട്ടന്നൂർ നഗരസഭ പൊതുതെരഞ്ഞെടുപ്പ്: വരണാധികാരികളെയും ഉപവരണാധികാരികളെയും നിശ്ചയിച്ചു

കണ്ണൂർ ജില്ലയിൽ മട്ടന്നൂർ നഗരസഭയിലേക്ക് നടത്തുന്ന പൊതുതെരഞ്ഞെടുപ്പിന് ഒന്ന് മുതൽ 18 വരെ വാർഡുകൾക്ക് കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ വരണാധികാരിയും മുനിസിപ്പൽ എഞ്ചിനീയർ ഉപവരണാധികാരിയും 19 മുതൽ 35 വരെ വാർഡുകൾക്ക് കണ്ണൂർ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ വരണാധികാരിയും മുനിസിപ്പാലിറ്റി സൂപ്രണ്ട് ഉപവരണാധികാരിയുമായി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

ചെയർപേഴ്സൺ, ഡെപ്യൂട്ടി ചെയർപേഴ്സൺ, സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾ, ചെയർമാൻ തിരഞ്ഞെടുപ്പിനുള്ള വരണാധികാരി കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറാണ്.

# തിരുവനന്തപുരം അപെക്സ് ട്രോമ ആൻഡ് എമർജൻസി ലേണിങ് സെന്ററിന് 3 കോടി

### സംസ്ഥാനത്തെ മുഴുവൻ ആരോഗ്യ പ്രവർത്തകർക്കും വിദഗ്ധ പരിശീലനം

റോഡപകടങ്ങളിൽപ്പെട്ടവർക്ക് അടിയന്തര വിദഗ്ധ ചികിത്സ ഉറപ്പാക്കാൻ തിരുവനന്തപുരത്ത് സ്ഥാപിച്ച അപെക്സ് ട്രോമ ആന്റ് എമർജൻസി ലേണിഗ് സെന്ററിന് (എ.ടി.ഇ.എൽ.സി.) 3 കോടി രൂപ അനുവദിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അത്യാധുനിക സൗകര്യങ്ങളോടെയുള്ള അപെക്സ് ട്രോമ ആൻഡ് എമർജൻസി ലേണിഗ് സെന്റർ സജ്ജമാക്കുന്നതിനാണ് തുകയനുവദിച്ചത്. ഹൈ ഫിഡലിറ്റി സിമുലേറ്ററുകൾ, വിവിധ മാനികിനുകൾ തുടങ്ങിയ പരിശീലന അനുബന്ധ സംവിധാനങ്ങൾക്കാണ് തുകയനുവദിച്ചത്. ഈ സെന്റർ വഴി ഇതുവരെ 11,000 പേർക്കാണ് വിദഗ്ധ പരിശീലനം നൽകിയത്. സംസ്ഥാനത്തെ മുഴുവൻ ആരോഗ്യ പ്രവർത്തകർക്കും ട്രോമ ആന്റ് എമർജൻസിയിൽ വിദഗ്ധ പരിശീലനം നൽകുകയാണ് ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി.

മെഡിക്കൽ കോളജുകളിലും പ്രധാന ആശുപത്രികളിലും എമർജൻസി ആൻഡ് ട്രോമ കെയർ സൗകര്യങ്ങൾ സജ്ജമാക്കുന്ന നടപടി പുരോഗമിക്കുകയാണ്. ഇതിൽ ഏറ്റവും പ്രധാനമാണ് ജീവനക്കാർക്കുള്ള പരിശീലനം. ഒരാൾ അപകടത്തിൽപ്പെട്ടാൽ ഗോൾഡൻ അവറിനുള്ളിൽ അയാളെ രക്ഷിക്കുക എന്നത് വളരെ പ്രധാനമാണ്. അതിന് വിദഗ്ധ പരിശീലനം ആവശ്യമാണ്. ഇത് മുന്നിൽ കണ്ടാണ് ആരോഗ്യ പ്രവർത്തകരെ പരിശീലിപ്പിക്കുന്നതിനായി അപെക്സ് ട്രോമ ആൻഡ് എമർജൻസി ലേണിംഗ് സെന്റർ ആരംഭിച്ചത്.

ഡോക്ടർമാർ, നഴ്സുമാർ, പാരാ മെഡിക്കൽ ജീവനക്കാർ തുടങ്ങിയവർക്കായി വിവിധ തരം എമർജൻസി ആൻഡ് ട്രോമ അനുബന്ധ കോഴ്സുകളാണ് ഈ സെന്ററിൽ നടത്തുന്നത്. അത്യാധുനിക സൗകര്യങ്ങളുള്ള ഈ കേന്ദ്രത്തിൽ സ്മാർട്ട് ക്ലാസ് റൂമുകൾ, സിമുലേഷൻ ലാബുകൾ, ഡീബ്രീഫിങ്ങ് റൂമുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പരിശീലനം നൽകുന്നതിന് ഉപയോഗിക്കുന്ന വിവിധതരം കൃത്രിമോപകരണങ്ങൾ, മനുഷ്യശരീരത്തിനു സമാനമായ മാനികിനുകൾ, മെഡിക്കൽ ഉപകരണങ്ങൾ തുടങ്ങിയവയും സജ്ജമാക്കിയിട്ടുണ്ട്. ഇതുകൂടാതെയാണ് പുതിയ സംവിധാനങ്ങൾക്ക് തുകയനുവദിച്ചത്.

# സ്കോൾ കേരള ഹയർസെക്കണ്ടറി രണ്ടാം വർഷ പ്രവേശനവും പുനഃപ്രവേശനവും ജൂൺ 8 മുതൽ

സ്കോൾ കേരള മുഖേന 202223 അധ്യയന വർഷത്തെ ഹയർസെക്കണ്ടറി കോഴ്സ് രണ്ടാം വർഷ പ്രവേശനം, പുനഃപ്രവേശനം എന്നിവ ആഗ്രഹിക്കുന്നവർ www.sco-l-e-k-er-a-l-a.or-g എന്ന വെബ്സൈറ്റ് മുഖേന ജൂൺ 8 മുതൽ 22 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. പ്രവേശന യോഗ്യതകളും നിബന്ധനകളും ഫീസ് ഘടനയും മറ്റ് വിശദാംശങ്ങളും സ്കോൾ കേരള വെബ്സൈറ്റിൽ നൽകിയിട്ടുള്ള വിജ്ഞാപനത്തിലും മാർഗരേഖയിലും വിശദമാക്കിയിട്ടുണ്ട്. സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ മറ്റ് സ്റ്റേറ്റ് ബോർഡുകൾ മുഖേന ഒന്നാം വർഷ ഹയർസെക്കണ്ടറി കോഴ്സ് പൂർത്തിയാക്കിയവർക്കും നിബന്ധനകൾക്ക് വിധേയമായി പ്രവേശനം അനുവദിക്കും.

ഓൺലൈനായി രജിസ്റ്റർ ചെയ്ത അപേക്ഷയുടെ പ്രിന്റ് ഔട്ടും, നിർദ്ദിഷ്ട രേഖകളും എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ കേരള, വിദ്യാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം 695012 എന്ന മേൽവിലാസത്തിൽ നേരിട്ടോ സ്പീഡ്/ രജിസ്ട്രേഡ് തപാൽ മാർഗമോ ജൂൺ 25ന് വൈകിട്ട് അഞ്ചിനകം എത്തിക്കണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.



ട്രോളിംഗ് നിരോധനത്തിന് മുന്നോടിയായുള്ള അവലോകന യോഗത്തിൽ ജില്ലാ കളക്ടർ ഡോ.നവ്ജ്യോത് ഖോസ സംസാരിക്കുന്നു

# പി.എം.എം.എസ്.വൈ പദ്ധതിയിൽ ഒഴിവുകൾ

ഫിഷറീസ് ഡയറക്ടറേറ്റിലെ പ്രധാൻ മന്ത്രി മത്സ്യ സമ്പദാ യോജന (ജങ്ങടഥ) പദ്ധതിയുടെ സ്റ്റേറ്റ് പ്രോഗ്രാം യൂണിറ്റിൽ (ടജഡ) സ്റ്റേറ്റ് പ്രോഗ്രാം മാനേജർ, സ്റ്റേറ്റ് ഡാറ്റ കം എം.ഐ.എസ് മാനേജർ, മൾട്ടിടാസ്കിംഗ് സ്റ്റാഫ് എന്നീ തസ്തികകളിൽ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. മൂന്ന് തസ്തികകളിലും ഒരോ ഒഴിവുകളാണുള്ളത്.

സ്റ്റേറ്റ് പ്രോഗ്രാം മാനേജർ തസ്തികയ്ക്ക് ഫിഷറീസ് സയൻസിൽ ബിരുദാനന്തരബിരുദം/ എം.എസ്.സി സൂവോളജി/ എം.എസ്.സി മറൈൻ ബയോളജി/ ഫിഷറീസ് ഇകണോമിക്സിൽ ബിരുദാനന്തര ബരുദം/ ഇൻഡസ്ട്രിയൽ ഫിഷറീസിൽ ബിരുദാനന്തര ബിരുദം/ ഫിഷറീസ് ബിസിനസ് മാനേജുമെന്റിൽ ബിരുദാനന്തര ബിരുദം എന്നിവയാണ് യോഗ്യത. ഇവയിൽ ഡോക്ടറേറ്റ്, മാനേജ്മെന്റിൽ ബിരുദം, അഗ്രി ബിസിനസ് മാനേജുമെന്റ് എന്നിവ ഉളളവർക്ക് മുൻഗണന. ഇൻഫർമേഷൻ ടെക്നോളജി, കമ്പ്യൂട്ടർ ആപ്ളിക്കേഷൻ എന്നിവയിൽ പരിജ്ഞാനം അഭിലഷണീയം. ഫിഷറീസ് അക്വാകൾച്ചറുമായി ബന്ധപ്പെട്ട ഏതെങ്കിലും മേഖലയിൽ ഏഴ് വർത്തെ പ്രവൃത്തിപരിചയവും വേണം. പ്രായപരിധി 45 വയസ്. 70,000 രൂപയാണ് പ്രതിമാസ വേതനം.

സ്റ്റേറ്റ് ഡാറ്റാ കം എം.ഐ.എസ് മാനേജർ തസ്തികയിൽ സ്റ്റാറ്റിസ്റ്റിക്സ്/ മാത്തമാറ്റിക്സ് എന്നിവയിൽ ബിരുദാനന്തര ബിരുദം/ ഫിഷറീസ് എക്കണോമിക്സിൽ ബിരുദാനന്തര ബിരുദം, ഇൻഫർമേഷൻ ടെക്നോളജി/ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസിൽ കുറഞ്ഞത് ഡിപ്ലോമ എന്നിവയാണ് യോഗ്യത. ലാർജ് സ്കെയിൽ ഡാറ്റ പ്രോസസിങ്, മാനേജ്മെന്റ് എന്നീ മേഖലകളിൽ അഞ്ച് വർഷത്തെ പ്രവൃത്തി പരിചയം വേണം. പ്രായപരിധി 45 വയസ്. 40,000 രൂപയാണ് പ്രതിമാസ വേതനം.

മൾട്ടി ടാസ്കിംഗ് സ്റ്റാഫ് തസ്തികയിലേക്ക് പത്താം ക്ലാസാണ് അടിസ്ഥാന യോഗ്യത. പ്രായപരിധി 35 വയസ്. 15,000 രൂപയാണ് പ്രതിമാസ വേതനം.

കൂടുതൽ വിവരങ്ങൾക്ക് www.f-i-sh-er-i-e-s.k-er-a-l-a.gov.in. അപേക്ഷകൾ ഡയറക്ടറേറ്റ് ഓഫ് ഫിഷറീസ്, വികാസ് ഭവൻ, തിരുവനന്തപുരം 695033 എന്ന വിലാസത്തിലോ f-a-ir-copy.d-ir@gm-a-i-l.com എന്ന മെയിൽ അഡ്രസിലോ ജൂൺ 10ന് മുമ്പ് ലഭിക്കണം.

# സംസ്ഥാനത്ത് ഇന്ന് 1,494 പേർക്ക് കോവിഡ്, പനിബാധിതരുടെ എണ്ണവും പെരുകുന്നു

തിരുവനന്തപുരം: നീണ്ട ഇടവേളയ്ക്കു ശേഷം തുടർച്ചയായ ഏഴാം ദിവസവും കോവിഡ് ബാധിതരുടെ എണ്ണം ആയിരം കടന്നു. ഇന്ന് 1,494 പേർക്കാണ് രോഗം സ്ഥിരീകരിച്ചത്. എറണാകുളം ജില്ലയിലാണ് കോവിഡ് രോഗികളുടെ എണ്ണം കുതിച്ചുയരുന്നത്. 439 പേർക്കാണ് ജില്ലയിൽ രോഗബാധ സ്ഥിരീകരിച്ചത്.

തിരുവനന്തപുരം, കോട്ടയം, തൃശൂർ, കോഴിക്കോട് ജില്ലകളിൽ രോഗികളുടെ എണ്ണം നൂറിനും മുകളിലെത്തി. തിരുവനന്തപുരം230, കൊല്ലം86, പത്തനംതിട്ട70, ഇടുക്കി53, കോട്ടയം174, ആലപ്പുഴ70, തൃശൂർ111, പാലക്കാട്37, മലപ്പുറം30, കോഴിക്കോട്149, വയനാട്ഒൻപത്, കണ്ണൂർ24, കാസർഗോഡ്12 എന്നിങ്ങനെയാണ് മറ്റു ജില്ലകളിൽ രോഗം സ്ഥിരീകരിച്ചവരുടെ എണ്ണം.

പിടിവിട്ടുയരുന്ന കോവിഡ് കണക്കുകൾ സംസ്ഥാനത്ത് കടുത്ത ആശങ്കയ്ക്കിടയാക്കിരിയിക്കുകയാണ്. കോവിഡ് നിയന്ത്രണ വിധേയമായതിനു ശേഷം ഈ വർഷം സ്കൂളുകൾ തുറന്നതും വ്യാപാരസ്ഥാപനങ്ങളടക്കം പൂർണതോതിൽ പ്രവർത്തിച്ചു തുടങ്ങിയതും ആശ്വാസകരമായി കരുതിയിരുന്ന സാഹചര്യത്തിലാണ് കോവിഡിൻറെ അപ്രതീക്ഷിത കുതിപ്പ്. ഇതോടെ സംസ്ഥാനം വീണ്ടും നിയന്ത്രണങ്ങളിലേക്കു നീങ്ങുമോ എന്ന ആശങ്കയും നിലനിൽക്കുന്നു.

കോവിഡിനൊപ്പം സംസ്ഥാനത്ത് പനിബാധിതരുടെ എണ്ണവും പെരുകുകയാണ്. 9,511 പേരാണ് തിങ്കളാഴ്ച സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പനിബാധിച്ചു ചികിത്സ തേടിയെത്തിയത്. കഴിഞ്ഞ ദിവസം പനിബാധിതരുടെ എണ്ണം 3791 ആയിരുന്നു. തിങ്കളാഴ്ച ഒൻപത് പേർക്ക് ഡെങ്കിപ്പനിയും 10 പേർക്ക് എലിപ്പനിയും സ്ഥിരീകരിച്ചു. കഴിഞ്ഞ ദിവസം 37 പേർക്കാണ് ഡെങ്കിപ്പനി സ്ഥിരീകരിച്ചത്.

### സാക്ഷരതാ മിഷൻ ഡയറക്ടറായി പ്രൊഫ. എ.ജി. ഒലീന ഇന്നു ചുമതലയേൽക്കും

സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറായി പ്രൊഫ. എ.ജി. ഒലീന ഇന്നു (07 ജൂൺ) ചുമതലയേൽക്കും. തിരുവനന്തപുരം എം.ജി. കോളേജിൽ മലയാളവിഭാഗം അസോസിയേറ്റ് പ്രൊഫസറായി വിരമിച്ച പ്രൊഫ. ഒലീന 27 വർഷം സംസ്ഥാനത്തെ വിവിധ എൻ.എസ്.എസ്. കോളജുകളിൽ അധ്യാപികയായിരുന്നു.

# മതേതര രാഷ്ട്രമായ ഇന്ത്യയെ ലോകത്തിന് മുന്നിൽ നാണം കെടുത്തുന്നു: മുഖ്യമന്ത്രി



തിരുവനന്തപുരം : ഒരു മതേതര ജനാധിപത്യ രാഷ്ട്രമെന്ന നിലയ്ക്ക് ഏവരും ആദരവോടെ കാണുന്ന നമ്മുടെ രാജ്യത്തെ സംഘപരിവാർ ശക്തികൾ ലോകത്തിനു മുന്നിൽ നാണം കെടുത്തുന്ന അവസ്ഥയിൽ എത്തിച്ചിരിക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കഴിഞ്ഞ ദിവസം ബിജെപി വക്താക്കളിൽ നിന്നും പ്രവാചകനെതിരെയുണ്ടായ വർഗീയവിഷം ചീറ്റുന്ന അധിക്ഷേപ പ്രസ്താവനകൾ അതിൽ ഏറ്റവും പുതിയ അദ്ധ്യായമാണ്.

മുസ്ലീം സമൂഹത്തെ അപരവൽക്കരിക്കുന്ന ഹിന്ദുത്വ വർഗീയ രാഷ്ട്രീയം നാടിന്റെ സാമൂഹിക ഭദ്രത മാത്രമല്ല, സാമ്പത്തിക കെട്ടുറപ്പു കൂടി ഇല്ലാതാക്കുകയാണ്. അവരുടെ തല തിരിഞ്ഞ സാമ്പത്തിക നയങ്ങൾ സൃഷ്ടിക്കുന്ന പ്രയാസങ്ങൾക്കു പുറമേയാണ് ഇത്. അനേക ലക്ഷം ഇന്ത്യക്കാർക്ക് തൊഴിൽ നൽകുകയും നമ്മുടെ സമ്പദ് വ്യവസ്ഥയിലും പുരോഗതിയിലും നിർണായക സംഭാവനകൾ നൽകുകയും ചെയ്യുന്ന നിരവധി ഇസ്ലാമിക രാഷ്ട്രങ്ങൾ ബിജെപിയുടേയും സംഘപരിവാറിന്റെയും വെറുപ്പിന്റെ രാഷ്ട്രീയത്തിനെതിരെ ശക്തമായ ശബ്ദമുയർത്താൻ ഇടയായിരിക്കുന്നു. ഇന്ത്യയോട് വളരെ സൗഹാർദ്ദപൂർവമായ ബന്ധം സൂക്ഷിക്കുന്ന രാജ്യങ്ങളാണ് ഇവയെല്ലാം.

പ്രവാചകനെതിരായ അധിക്ഷേപം സംഘപരിവാർ അജണ്ടയുടെ ഭാഗമാണ്. മുസ്ലിങ്ങളെയും ക്രൈസ്തവരെയും കമ്യൂണിസ്റ്റുകാരെയും ആഭ്യന്തര ശത്രുക്കളായി കാണുന്ന ഗോൾവാൾക്കർ ചിന്തയാണ് ബി ജെ പി നേതാവിന്റെ വാക്കുകളിലൂടെ പുറത്തു വന്നത്. ഓരോ പൗരനും അയാൾക്ക് ഇഷ്ടമുള്ള മതങ്ങളിൽ വിശ്വസിക്കാനുള്ള അവകാശം നൽകുന്ന നമ്മുടെ ഭരണഘടനയെ അവർ തീർത്തും അവഗണിക്കുകയാണ്.

മറ്റൊരു മതസ്ഥന്റെ വിശ്വാസത്തേയും സംസ്കാരത്തേയും അവഹേളിക്കാനോ നിഷേധിക്കാനോ ഉള്ള അവകാശം ഭരണഘടന ആർക്കും നൽകുന്നില്ല. നമ്മുടെ നാടിന്റെ മഹത്തായ മത നിരപേക്ഷ പാരമ്പര്യത്തെ അപകടപ്പെടുത്തുന്ന നികൃഷ്ട ശ്രമങ്ങൾക്ക് തടയിടാനും വിദ്വേഷ പ്രചാരകരെ ശിക്ഷിക്കാനും കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കണം. അതിലുപരിയായി വർഗീയ ശക്തികൾക്കെതിരെ പൊതുസമൂഹത്തിൽ നിന്നും ഒറ്റക്കെട്ടായ എതിർപ്പ് ഉയർന്നു വരണം. നാടിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം അനിവാര്യതയാണിതെന്നും മുഖ്യമന്ത്രി പറഞ്ഞു.

# പരിസ്ഥിതിലോല പ്രദേശം: ആശങ്ക വേണ്ടെന്നു മുഖ്യമന്ത്രി

തിരുവനന്തപുരം: സ്കൂൾ കുട്ടികൾക്കു ഭക്ഷ്യവിഷബാധയേറ്റ സാഹചര്യത്തിൽ ഉച്ചഭക്ഷണത്തിൻറെ ഗുണനിലവാരം ഉറപ്പാക്കാൻ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ കർശന പരിശോധനയുമായി സർക്കാർ. മികച്ച അന്തരീക്ഷത്തിൽ നല്ല ഭക്ഷണമാണ് എല്ലാ സ്കൂളുകളിലും വിതരണം ചെയ്യുന്നതെന്ന് ഉറപ്പു വരുത്താൻ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ സംയുക്ത പരിശോധന നടത്താനാണ് ഇന്നലെ ചേർന്ന മന്ത്രിതല ചർച്ചയിലെ തീരുമാനം.

പൊതു വിദ്യാഭ്യാസം, ആരോഗ്യ, ഭക്ഷ്യസുരക്ഷ, സിവിൽ സപ്ലൈസ് വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാകും സ്കൂളുകളിൽ സംയുക്ത പരിശോധന നടത്തുക.

ഭക്ഷ്യ വിഷബാധ തടയാനുള്ള നടപടികൾ സ്വീകരിക്കാനായി പൊതു വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി, ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ. അനിൽ എന്നിവരുടെ നേതൃത്വത്തിലാണ് ഉന്നതതല യോഗം ചേർന്നത്.

ഒരാഴ്ചയ്ക്കുള്ളിൽ സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലെയും കുടിവെള്ള പരിശോധന ജല അഥോറിറ്റിയും മറ്റു വകുപ്പുകളുമായും ചേർന്നു നടത്തും. വെള്ളിയാഴ്ചകൾ കൊതുകിൻറെ ഉറവിട നശീകരണ ദിനമായി ആചരിക്കും. വിദ്യാർഥികൾക്ക് ശുചിത്വ ബോധവത്കരണം നൽകും.

സ്കൂൾ പാചക തൊഴിലാളികൾക്ക് ഫുഡ് സേഫ്റ്റി വകുപ്പിൻറെ ശുചിത്വ പരിശീലനം നൽകും.

ജില്ലകളിലെ നൂൺഫീഡിംഗ് സൂപ്പർവൈസർമാരും ഉപജില്ലാ തലങ്ങളിലെ നൂൺമീൽ ഓഫീസർമാരും സ്കൂളുകളിൽ എത്തി ഇന്നു മുതൽ ഉച്ചഭക്ഷണ പാചകപ്പുര, പാത്രങ്ങൾ, വാട്ടർടാങ്ക്, ടോയ്ലറ്റുകൾ, ഉച്ചഭക്ഷണ സാമഗ്രികൾ തുടങ്ങിയവ പരിശോധിക്കാനും നിർദേശിച്ചു.

മൂന്നു സ്കൂളുകളിലും ഒരു അങ്കണവാടിയിലും കഴിഞ്ഞ ദിവസങ്ങളിൽ ഭക്ഷ്യവിഷബാധ റിപ്പോർട്ട് ചെയ്തിരുന്നു. തിരുവനന്തപുരം ഉച്ചക്കട എൽഎംഎസ് എൽപിഎസ്, കായംകുളം ടൗൺ ഗവൺമെൻറ് യുപിഎസ്, കാസർഗോഡ് പടന്നക്കാട് ഗവൺമെൻറ് എൽപിഎസ് എന്നിവിടങ്ങളിലാണ് ഭക്ഷ്യവിഷബാധ റിപ്പോർട്ട് ചെയ്തത്.കൊട്ടാരക്കര കല്ലുവാതുക്കൽ അങ്കണവാടിയിലും ഭക്ഷ്യവിഷബാധയുണ്ടായി

### ഹരിതോർജ ഉത്പാദനത്തിൽ കൊച്ചി വിമാനത്താവളത്തിനു റിക്കാർഡ്

നെടുമ്പാശേരി: സൗരോർജ വിമാനത്താവളമായ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൻറെ ഹരിതോർജ ഉത്പാദനത്തിൽ ഒരു നാഴികക്കല്ല് പിന്നിടുന്നു. കഴിഞ്ഞ ശനിയാഴ്ചയോടെ കൊച്ചി അന്താരാഷ്ട്ര വിമാനതാവളത്തിൻറെ നേതൃത്വത്തിൽ നാളിതുവരെ ഉത്പാദിപ്പിച്ച സൗരോർജ വൈദ്യുതിയുടെ അളവ് 25 കോടി യൂണിറ്റായി.

അരിപ്പാറയിലെ ജലവൈദ്യുത പദ്ധതിയിൽനിന്നുള്ള ഊർജോത്പാദനത്തിനു പുറമെയാണിത്. 2013ൽ പരീക്ഷണാടിസ്ഥാനത്തിൽ വിമാനത്താവള ടെർമിനലിനു മുകളിൽ 100 കിലോവാട്ട് പ്ലാൻറ് സ്ഥാപിച്ചാണു സിയാൽ ഹരിതോർജ ഉത്പാദനത്തിനു തുടക്കംകുറിച്ചത്. പരീക്ഷണം വിജയമായതോടെ നിരന്തരം പുതിയ പ്ലാൻറുകൾ സ്ഥാപിച്ചു.

2015ൽ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം ലോകത്തിലെ ആദ്യത്തെ സമ്പൂർണ സൗരോർജ വിമാനത്താവളമായി. അന്ന് 13.1 മെഗാവാട്ടായിരുന്നു മൊത്തം സ്ഥാപിതശേഷി. നിലവിൽ വിമാനത്താവള പരിസരത്ത് മാത്രം സിയാലിന് എട്ടു പ്ലാൻറുകളുണ്ട്. 2022 മാർച്ചിൽ പയ്യന്നൂരിലെ 12 മെഗാവാട്ട് പ്ലാൻറ് കമ്മീഷൻ ചെയ്തതോടെ മൊത്തം സ്ഥാപിത ശേഷി 50 മെഗാവാട്ടായി ഉയർന്നു.

പയ്യന്നൂർ പ്ലാൻറിൽ നിന്നു മാത്രം നാളിതുവരെ ഒരു കോടി യൂണിറ്റ് വൈദ്യുതി ലഭിച്ചു. 2021 നവംബറിൽ ഉദ്ഘാടനം ചെയ്ത അരിപ്പാറ ജല വൈദ്യുതിയിൽനിന്ന് ഇതുവരെ 75 ലക്ഷം യൂണിറ്റ് വൈദ്യുതി ലഭിച്ചു.

സിയാൽ സൗരോർജ പദ്ധതിയിൽനിന്നുള്ള ഊർജോത്പാദനം 25 കോടി പിന്നിട്ടതോടെ പരിസ്ഥിതിസൗഹൃദ വികസന മാതൃകയിൽ പുതിയൊരു അധ്യായം സൃഷ്ടിക്കുകയാണ്. ഇതോടെ 1.6 ലക്ഷം മെട്രിക് ടൺ കാർബൺ പാദമുദ്ര ഒഴിവാക്കാൻ സിയാലിനു കഴിഞ്ഞു.

# ഉച്ചഭക്ഷണ ഗുണനിലവാരം ഉറപ്പാക്കാൻ സ്കൂളുകളിൽ സംയുക്ത പരിശോധന

തിരുവനന്തപുരം: സ്കൂൾ കുട്ടികൾക്കു ഭക്ഷ്യവിഷബാധയേറ്റ സാഹചര്യത്തിൽ ഉച്ചഭക്ഷണത്തിൻറെ ഗുണനിലവാരം ഉറപ്പാക്കാൻ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ കർശന പരിശോധനയുമായി സർക്കാർ. മികച്ച അന്തരീക്ഷത്തിൽ നല്ല ഭക്ഷണമാണ് എല്ലാ സ്കൂളുകളിലും വിതരണം ചെയ്യുന്നതെന്ന് ഉറപ്പു വരുത്താൻ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ സംയുക്ത പരിശോധന നടത്താനാണ് ഇന്നലെ ചേർന്ന മന്ത്രിതല ചർച്ചയിലെ തീരുമാനം.

പൊതു വിദ്യാഭ്യാസം, ആരോഗ്യ, ഭക്ഷ്യസുരക്ഷ, സിവിൽ സപ്ലൈസ് വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാകും സ്കൂളുകളിൽ സംയുക്ത പരിശോധന നടത്തുക. ഭക്ഷ്യ വിഷബാധ തടയാനുള്ള നടപടികൾ സ്വീകരിക്കാനായി പൊതു വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി, ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ. അനിൽ എന്നിവരുടെ നേതൃത്വത്തിലാണ് ഉന്നതതല യോഗം ചേർന്നത്.

ഒരാഴ്ചയ്ക്കുള്ളിൽ സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലെയും കുടിവെള്ള പരിശോധന ജല അഥോറിറ്റിയും മറ്റു വകുപ്പുകളുമായും ചേർന്നു നടത്തും. വെള്ളിയാഴ്ചകൾ കൊതുകിൻറെ ഉറവിട നശീകരണ ദിനമായി ആചരിക്കും. വിദ്യാർഥികൾക്ക് ശുചിത്വ ബോധവത്കരണം നൽകും.

സ്കൂൾ പാചക തൊഴിലാളികൾക്ക് ഫുഡ് സേഫ്റ്റി വകുപ്പിൻറെ ശുചിത്വ പരിശീലനം നൽകും.

ജില്ലകളിലെ നൂൺഫീഡിംഗ് സൂപ്പർവൈസർമാരും ഉപജില്ലാ തലങ്ങളിലെ നൂൺമീൽ ഓഫീസർമാരും സ്കൂളുകളിൽ എത്തി ഇന്നു മുതൽ ഉച്ചഭക്ഷണ പാചകപ്പുര, പാത്രങ്ങൾ, വാട്ടർടാങ്ക്, ടോയ്ലറ്റുകൾ, ഉച്ചഭക്ഷണ സാമഗ്രികൾ തുടങ്ങിയവ പരിശോധിക്കാനും നിർദേശിച്ചു.

മൂന്നു സ്കൂളുകളിലും ഒരു അങ്കണവാടിയിലും കഴിഞ്ഞ ദിവസങ്ങളിൽ ഭക്ഷ്യവിഷബാധ റിപ്പോർട്ട് ചെയ്തിരുന്നു. തിരുവനന്തപുരം ഉച്ചക്കട എൽഎംഎസ് എൽപിഎസ്, കായംകുളം ടൗൺ ഗവൺമെൻറ് യുപിഎസ്, കാസർഗോഡ് പടന്നക്കാട് ഗവൺമെൻറ് എൽപിഎസ് എന്നിവിടങ്ങളിലാണ് ഭക്ഷ്യവിഷബാധ റിപ്പോർട്ട് ചെയ്തത്.കൊട്ടാരക്കര കല്ലുവാതുക്കൽ അങ്കണവാടിയിലും ഭക്ഷ്യവിഷബാധയുണ്ടായി.

# അനുനയം ഫലിച്ചു: ഇടഞ്ഞ എംഎൽഎമാർ ഗെഹ്ലോട്ടിനൊപ്പം

ജയ്പുർ: രാജ്യസഭാ തെരഞ്ഞെടുപ്പിൽ കുതിരക്കച്ചവടം ഭയന്ന് റിസോർട്ടിലേക്കു മാറിയവർക്കൊപ്പം പോകാൻ വിസമ്മതിച്ച രാജസ്ഥാനിലെ ആറ് എംഎൽഎമാർകൂടി മുഖ്യമന്ത്രി അശോക് ഖലോട്ടിനൊപ്പം ഉദയ്പുരിലെ ഹോട്ടലിലെത്തി. വെള്ളിയാഴ്ച ഉച്ചയോടെയാണ് 70 എംഎൽഎമാരെ കോൺഗ്രസ് നേതൃത്വം റിസോർട്ടിലെത്തിച്ചത്. ഇവർക്കൊപ്പമാണ് ആറുപേർ കൂടി ചേർന്നത്.

നിയമസഭാ തെരഞ്ഞെടുപ്പിൽ ബിഎസ്പി ടിക്കറ്റിൽ മത്സരിച്ച് വിജയിച്ചശേഷം കോൺഗ്രസിലേക്കു ചേക്കേറിയ സൈനികക്ഷേമമന്ത്രി രാജേന്ദ്ര ഗുഢയുടെ ഒപ്പമുള്ള സന്ദീപ് യാദവ്, വാജിബ് അലി, ലഖ്ഹൻ മീന എന്നിവർക്കൊപ്പം ഗിരിരാജ് സിംഗ് മലിൻഗ, ഖിലാഡി ലാൽ ബൈർവ എന്നീ എംഎൽഎമാരുമാണ് ഗഹ്ലോട്ടിനൊപ്പം ചേർന്നത്. എംഎൽഎമാരെ മാറ്റാൻ തീരുമാനിച്ചതിനു പിന്നാലെ അഭിപ്രായവ്യത്യാസം നിലനിൽക്കുകയാണെന്നു ഗുഢ വെളിപ്പെടുത്തിയിരുന്നു. ഇതിനുശേഷം ശനിയാഴ്ച മുഖ്യമന്ത്രി ഇവരെ നേരിൽക്കണ്ടു സംസാരിച്ചു. മുഖ്യമന്ത്രിയുടെ ജയ്പുരിലെ വസതിയിൽ നടന്ന കൂടിക്കാഴ്ചയിലാണു മഞ്ഞുരുകിയത്.

കോൺഗ്രസ് എംഎൽഎമാരെ പണം നൽകി ഒപ്പം ചേർക്കാൻ നീക്കമുണ്ടെന്ന പരാതി ആൻറി കറപ്ഷൻ ബ്യൂറോ (എസിബി)ക്കു നൽകുകയും ചെയ്തു.

സംസ്ഥാനത്തെ നാല് ഒഴിവുകളിലേക്ക് വെള്ളിയാഴ്ചയാണു തെരഞ്ഞെടുപ്പ്. രണ്ട് സീറ്റുകളിൽ കോൺഗ്രസിനു വിജയം ഉറപ്പാണ്. മൂന്നാമതൊരു സ്ഥാനാർഥിയുടെ വിജയത്തിനു സ്വതന്ത്ര എംഎൽഎമാരുടെയും മറ്റ് പാർട്ടികളിൽനിന്നുള്ളവരുടെയും പിന്തുണ തേടുന്നുമുണ്ട്.

2020 ലുണ്ടായ പ്രതിസന്ധിയിലും എംഎൽഎമാർ കോൺഗ്രസിനെ സഹായിച്ചതായി ദാബോക് വിമാനത്താവളത്തിൽവച്ച് മുഖ്യമന്ത്രി പറഞ്ഞു. ബിജെപിയുടെ ഇപ്പോഴത്തെ നീക്കം വിജയിക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

# വൃക്ഷ സമൃദ്ധി പദ്ധതി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

കണ്ണൂർ: ലോക പരിസ്ഥിതി ദിനത്തിൻറെ ഭാഗമായി കേരള വനം വന്യജീവി വകുപ്പ് ആവിഷ്കരിച്ച വൃക്ഷസമൃദ്ധി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം പിണറായി കൺവൻഷൻ സെൻററിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. നമ്മുടെ സംസ്ഥാനത്തിൻറെ പരിസ്ഥിതി സംതുലനം പുനഃസ്ഥാപിക്കാനാണു സംസ്ഥാന സർക്കാരിൻറെ ശ്രമം. വനവത്കരണമാണിതിനൊരു വഴി. ഇതിൻറെഭാഗമായാണ് വൃക്ഷവത്കരണം നടത്തുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് രണ്ടര കോടി വൃക്ഷത്തൈകളാണു വച്ചുപിടിപ്പിച്ചത്. ഇതിൽ 70 ശതമാനവും ആരോഗ്യത്തോടെ വളരുന്നുണ്ട്. പരിപാലനം ഉറപ്പു വരുത്തുന്നമൂലമാണിത്. വിവിധ വകുപ്പുകളേയും സന്നദ്ധസംഘടനകളെയും കോർത്തിണക്കിയാണു വൃക്ഷസമൃദ്ധി പദ്ധതി ഈ വർഷം നടപ്പിലാക്കുക. തദ്ദേശ വൃക്ഷത്തൈകളാണു വിതരണം ചെയ്യുന്നത്.

ഇക്കുറി 43 ലക്ഷം വൃക്ഷത്തൈകളാണു നടുക. ഇവയെ മൂന്നു മുതൽ അഞ്ചു വർഷം വരെ പരിപാലിക്കും. ഇതിനു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും തൊഴിലുറപ്പു പദ്ധതിയുടെയും സഹായമുണ്ടാവും. 43 ലക്ഷം തൈകൾ മൂന്നു വർഷം പരിപാലിക്കുമ്പോൾ പ്രതിവർഷം എഴുപത്തി ഒന്നര ലക്ഷം തൊഴിൽ ദിനങ്ങളാണ് അധികമായി സൃഷ്ടിക്കപ്പെടുകമുഖ്യമന്ത്രി പറഞ്ഞു. നമ്മുടെ പ്രകൃതിയെ നമുക്ക് ലഭിച്ചതിലും മികച്ച നിലയിൽ നമ്മുടെ വരും തലമുറയ്ക്കു കൈമാറാൻ പരിസ്ഥിതി ദിനത്തെ ഒരോർമപ്പെടുത്തലായി കാണണമെന്നും അദ്ദേഹം പറഞ്ഞു.

തദ്ദേശ സ്വയംഭരണ മന്ത്രി എം.വി. ഗോവിന്ദൻ അധ്യക്ഷത വഹിച്ചു. വനം വന്യജീവി മന്ത്രി എ.കെ. ശശീന്ദ്രൻ മുഖ്യപ്രഭാഷണം നടത്തി. വനം വന്യജീവി സംരക്ഷണ രംഗത്ത് മറ്റ് സംസ്ഥാനങ്ങൾ സ്വീകരിക്കുന്നതിനേക്കാൾ നല്ല നിലപാടാണു കേരളം സ്വീകരിച്ചിട്ടുള്ളതെന്നും അത് മനസിലാക്കാത്തവരാണു ജനകീയ ആവശ്യങ്ങളെ പരിസ്ഥിതിയുടെ പേരിൽ നിരാകരിക്കുന്നതെന്നും മന്ത്രി എ.കെ. ശശീന്ദ്രൻ പറഞ്ഞു.

പിണറായി കൺവൻഷൻ സെൻറർ മുറ്റത്ത് മരങ്ങൾ നട്ടുകൊണ്ടായിരുന്നു വൃക്ഷസമൃദ്ധി പദ്ധതിയുടെ തുടക്കം. മുഖ്യമന്ത്രി പിണറായി വിജയൻ ഞാവൽ , മന്ത്രിമാരായ എം.വി. ഗോവിന്ദൻ , എ.കെ .ശശീന്ദ്രൻ എന്നിവർ മൈലെള്ളു, താനി എന്നീ വൃക്ഷത്തൈകളാണു നട്ടത്. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വനം വന്യജീവി വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി, പൊതുജന സമൂഹം എന്നിവയുടെ പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ഒൺലി വൺ എർത്ത്' അഥവാ 'ഒരേയൊരു ഭൂമി' എന്നതാണ് ഈ വർഷത്തെ പരിസ്ഥിതി ദിന സന്ദേശം. സംസ്ഥാനത്താകെ 832, നഴ്സറികളിലായി ഇതുവരെ 43 ലക്ഷം വൃക്ഷത്തൈകൾ ഉത്പദിപ്പിച്ചിട്ടുണ്ട്.

# ലീഡർ, ക്യാപ്റ്റൻ വിളികൾ: താൻ ലീഡറല്ല, കേരളത്തിൽ ഒരേയൊരു ലീഡറേയുള്ളൂ. അത് കെ.കരുണാകരനാണ്

തിരുവനന്തപുരം: തൃക്കാക്കരയിലെ മിന്നും വിജയത്തിന് ശേഷം തിരുവനന്തപുരത്ത് എത്തിയ പ്രതിപക്ഷ നേതാവ് വി.ഡി.സതീശന് കോൺഗ്രസ് പ്രവർത്തകർ സ്വീകരണമൊരുക്കി. തിരുവനന്തപുരം വിമാനത്താവളത്തിലെത്തിയ സതീശനെ മുദ്രാവാക്യങ്ങളോടെ സ്വീകരിച്ചു. ഇതിനിടെ സതീശനെ 'ലീഡർ' എന്ന് വിശേഷിപ്പിച്ച് തിരുവനന്തപുരത്തും കൊച്ചിയിലും ഫ്ളക്സുകൾ ഉയർന്നു. എന്നാൽ ക്യാപ്റ്റൻ വിളി, ലീഡർ വിളി, പോലോത്ത കെണിയിലൊന്നും താൻ വീഴില്ലെന്ന് സതീശൻ പ്രതികരിച്ചു. അതൊക്കെ നേരത്തെ വ്യക്തമാക്കിയതാണ്. തങ്ങളുടേത് കൂട്ടായ നേതൃത്വമാണ്. തന്റെ ചിത്രം മാത്രമുള്ള ഫ്ളക്സ് ബോർഡുകൾ എവിടെയെങ്കിലും സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അത് നീക്കം ചെയ്യണമെന്നും അദ്ദേഹം പ്രവർത്തകരോട് ആവശ്യപ്പെട്ടു.

തൃക്കാക്കരയിലെ വിജയത്തിന്റെ ക്രെഡിറ്റ് തനിക്ക് മേൽ കെട്ടിവെക്കുന്നത് പാർട്ടിയിൽ അസ്വരാസ്യങ്ങൾ സൃഷ്ടിക്കുമെന്നും തിരിച്ചടിയാകാനുള്ള അപകടസാധ്യതയും മുന്നിൽ കണ്ടാണ് സതീശന്റെ പ്രതികരണം.

തിരുവനന്തപുരത്തെ സ്വീകരണം പ്രവർത്തകർ സന്തോഷം പ്രകടിപ്പിക്കുന്നതായി കണ്ടാൽ മതിയെന്നും അദ്ദേഹം വ്യക്തമാക്കി.

'തുടർച്ചയായ തോൽവികൾ ഉണ്ടായതിന് ശേഷം തൃക്കാക്കരയിൽ ഉണ്ടായ ഉജ്ജ്വല വിജയം കേരളത്തിൽ കോൺഗ്രസ്യുഡിഎഫ് പ്രവർത്തകർക്കിടയിൽ ആത്മവിശ്വാസം വർധിപ്പിച്ചിട്ടുണ്ട്. അതിന്റെ ഒരു പ്രതികരണമാണ് ഈ സ്വീകരണവും മറ്റും. തൃക്കാക്കരയിലെ ജയം ഒരു തുടക്കം മാത്രമാണ്. ഒരുപാട് കഠിനാധ്വനം ചെയ്യേണ്ടതുണ്ട്. വിശ്രമമില്ലാതെ പ്രവർത്തനം നടത്തിയാൽ മാത്രമാണ് യുഡിഎഫിന് കേരളത്തിൽ തിരിച്ചുവരാൻ സാധിക്കുകയുള്ളൂ. അതിന് വേണ്ടിയുള്ള ആത്മവിശ്വാസമാണ് തൃക്കാക്കരയിലെ ജനങ്ങൾ നൽകിയിട്ടുള്ളത്. അത് കൈമുതലാക്കി കൂടുതൽ കഠിനാധ്വാനം ചെയ്ത് മുന്നോട്ട് പോകണം. ഈ ആവേശം താത്കാലിമാക്കാതെ സംഘടനാ ദൗർബല്യങ്ങൾ പരിഹരിച്ച് മുന്നോട്ട് പോകും. കെപിസിസി അധ്യക്ഷൻ നാളെ തിരിച്ചെത്തിയാൽ ഈ മാസം തന്നെ പ്രധാന നേതാക്കളെ വിളിച്ച് ചർച്ചകൾ നടത്തും' സതീശൻ പറഞ്ഞു.



ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെൻ്ററി സ്റ്റഡി സെൻ്റർ (കെ-ലാംപ്സ്) വിഭാഗവും യുനിസെഫും സംയുക്തമായി സംഘടിപ്പിച്ച 'നാമ്' കാലാവസ്ഥാ അസംബ്ലിയുടെ സമാപന സമ്മേളനം പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യുന്നു. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, ഇ.കെ. വിജയൻ എം.എൽ.എ തുടങ്ങിയവർ സമീപം.